I. ഇ.ബി. XIIകേരള നിയമസഭ/XIV-24

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 31, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

ഭരണസ്തംഭനം

മി. സ്പീക്കർ: പെൻഷൻ പ്രായം ഏകീകരിച്ചു നടപ്പിലാക്കിയതു കാരണം ഇന്ന് വിരമിക്കുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് പകരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ ഉണ്ടാകാനിടയുള്ളതായി പറയപ്പെടുന്ന ഭരണസ്തംഭനംമൂലമുള്ള ഗുരുതര മായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗ ങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 20,000-ഓളം അദ്ധ്യാപകരും ജീവനക്കാരും ഇന്ന് വിരമിക്കുകയാണ്. സംസ്ഥാനത്താകെയുള്ള മൂന്നു ലക്ഷം ജീവനക്കാരിൽ ഒഴിവ് വരുന്ന 11,000 പോസ്റ്റുകൾ മുൻകൂട്ടി കണ്ടുകൊണ്ട് അടിയന്തിരമായി ഡി.പി.സി.കൾ വിളിച്ചുകൂട്ടി പ്രൊമോഷൻ ലിസ്റ്റുകൾ തയ്യാറാക്കണമെന്ന് രണ്ടു മാസം മുമ്പ് പി ആന്റ് എ.ആർ.ഡി. നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റുകൾ തയ്യാറാക്കി പല ഡിപ്പാർട്ടുമെന്റുകളും ഉത്തരവുകളിറക്കിയതുകൊണ്ട് അടുത്ത ദിവസം തന്നെ പ്രൊമോഷൻ നടത്താൻ സാധിക്കുകയും ബാക്കിയുള്ളിടത്ത് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പുതിയ ആളുകൾ വരികയും ചെയ്യുമെന്നതുകൊണ്ട് ഭരണസ്തംഭനം ഉണ്ടാവില്ല. കഴിഞ്ഞ ജനുവരിയിൽത്തന്നെ അടുത്ത വർഷത്തേയ്ക്കുള്ള ആന്റിസിപ്പേറ്റഡായിട്ടുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ വരുത്തിയിരിക്കുന്ന പുനഃക്രമീകരണത്തിന്റെ ഫലമായി നിയമനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഗവൺമെന്റിന് കൈകാര്യം ചെയ്യാവുന്ന പ്രശ്നങ്ങളേ ഇപ്പോഴുള്ളൂ എന്നതുകൊണ്ട് ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: പെൻഷൻ പ്രായം ഏകീകരണം നടപ്പിലായതോടുകൂടി 2010 മാർച്ച് മാസം 31-ാം തീയതി 20,000-ൽപ്പരം ജീവനക്കാർ വിരമിക്കുന്ന സ്ഥാനത്ത് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏറ്റവും കുറഞ്ഞത് 4 മാസം മുതൽ 6 മാസം വരെ നീണ്ടുപോകുകയും ഇത് സർക്കാർ സ്ഥാപനങ്ങളെ ഭരണസ്തംഭനത്തിലേയ്ക്ക് നയിക്കുകയും ചെയ്യും. പി.എസ്.സി.ക്ക് ആന്റിസിപ്പേറ്ററിയായി വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന പ്രസ്താവന വസ്തുതാവിരുദ്ധമാണ്. ഇതുവരെ കേവലം 2500 വേക്കൻസികൾ മാത്രമാണ് അത്തരത്തിൽ റിപ്പോർട്ട്

ചെയ്യപ്പെട്ടിട്ടുള്ളത്. വകുപ്പുതലവന്മാർ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിൽ നിയമനനടപടികൾ സ്വീകരിക്കുന്നതിന് പി.എസ്.സി.ക്ക് കുറച്ച് സമയം വേണ്ടിവരും. പല ഡിപ്പാർട്ടുമെന്റുകളിലും നിർണ്ണായകമായ സ്ഥാന ങ്ങളിലിരിക്കുന്ന പരിചയസമ്പന്നരായ ആളുകൾ റിട്ടയർ ചെയ്യുമ്പോൾ ഉണ്ടാ കുന്ന ഭരണസ്തംഭനത്തെക്കുറിച്ച് ധനകാര്യവകുപ്പുമന്ത്രി വളരെ ലാഘവ ത്തോടുകൂടി സംസാരിച്ചത് ശരിയല്ല. 2000-ലധികം തസ്തികകളിൽ മാത്രമാണ് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. 2009 ഒക്ടോബർ 1-ാം തീയതി മുതൽ 2010 ഏപ്രിൽ മാസം 30-ാം തീയതി വരെ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയതുമൂലം 2009 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ റാങ്ക് ലിസ്റ്റിൽ പേരുണ്ടായിട്ടും നിരവധിപേർക്ക് ജോലി ലഭിക്കാതെ പോയി. റാങ്കുലിസ്റ്റുകളുടെ കാലാവധി നീട്ടിയില്ലെങ്കിൽ ഇപ്പോൾ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്കും തൊഴിൽ നഷ്ടപ്പെടും. വിവിധ വകുപ്പുകളിൽ നിയമനം നടന്നുവെന്ന് പറയുന്നത് നേരത്തെ റിപ്പോർട്ട് ചെയ്യപ്പെട്ട വേക്കൻസികളിലാണ്. സൂപ്പർ ന്യൂമററി തസ്തികകളിലല്ല. പി.എസ്.സി.യുടെ റിപ്പോർട്ട് ഫിനാൻഷ്യൽ ഇയർ അനുസരിച്ചാണ് ധനമന്ത്രി യുടെ കണക്ക്. കലണ്ടർ ഇയർ ആയതുകൊണ്ട് 2009 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലുള്ള ഏഴായിരം പേർ കൂടി ഈ ലിസ്റ്റിലേയ്ക്ക് വരികയാണ്. വകുപ്പ് തലവൻമാർക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്യരുതെന്ന ഓറലായിട്ടുള്ള ഡയറക്ഷൻ കൊടുത്തിരിക്കുന്നതിനാൽ ആയിരക്കണക്കിന് വേക്കൻസികൾ നിലവിലുണ്ട്. പെൻഷൻ പ്രായം ഏകീകരണംകൊണ്ട് ഗവൺമെന്റിന് താൽക്കാലിക ലാഭമുണ്ടാ യിട്ടുണ്ടെങ്കിലും വൻ നഷ്ടമാണ് ഉണ്ടാകാൻ പോകുന്നത്. കേരളത്തിലെ വെൽഫയർ ഫണ്ട് ബോർഡുകളുടെ കോർപ്പസിൽ നിന്ന് സംസ്ഥാന

സർക്കാരിന്റെ ട്രഷറിയിലേയ്ക്ക് ഫണ്ട് മാറ്റി വച്ചിട്ടുള്ളതുകൊണ്ട് തൽക്കാലം ട്രഷറി സ്തംഭനമുണ്ടാവില്ലെങ്കിലും ഈ പണം തിരിച്ചടയ്ക്കാതിരുന്നാൽ അത് വലിയ ബാധ്യതയായി മാറും. 2011 മാർച്ച് 31-ാം തീയതി ജീവനക്കാർ റിട്ടയർ ചെയ്യുമ്പോൾ ആനുകൂല്യങ്ങൾ കൊടുക്കേണ്ട ബാധ്യത വരാൻപോകുന്ന സർക്കാരിനായിരിക്കും. പെൻഷൻ ഏകീകരണം കൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ പോലും തകരാറിലായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പെൻഷൻ പ്രായം ഏകീകരണംമൂലം ചില പ്രശ്നങ്ങളുണ്ടെങ്കിലും അത് പരിഹരിക്കാവുന്നതേ യുള്ളൂ. ഡി.പി.സി കൂടി അടിയന്തിരമായി ലിസ്റ്റുകൾ തയ്യാറാക്കണമെന്ന് തീരുമാനമെടുത്ത് അത് നടപ്പിലാക്കുകയും സ്ഥലംമാറ്റം സംബന്ധിച്ച് പുതിയ ഉത്തരവ് മാർച്ച് 15-നകം ഇറക്കുകയും ചെയ്തുകൊണ്ട് കാര്യങ്ങളെല്ലാം ഗൗരവത്തിൽ തന്നെ കൈകാര്യം ചെയ്യുന്നുണ്ട്. ആന്റിസിപ്പേറ്ററി വേക്കൻസികൾ സാധാരണ നടപടിക്രമമനുസരിച്ചുതന്നെ കൈകാര്യം ചെയ്യുന്നുണ്ട്. എല്ലാ ജനുവരി മാസവും അടുത്ത വർഷത്തെ പൊട്ടൻഷ്യൽ ഒഴിവുകൾ എത്രയെന്ന് പി.എസ്.സി.യോട് പറയുകയും അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി ലിസ്റ്റുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഒഴിവ് വരുന്ന മുറയ്ക്ക് ലിസ്റ്റിൽ നിന്ന് അഡ്വൈസ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ വർഷത്തെ മുഴുവൻ ഒഴിവുകളും കഴിഞ്ഞ ജനുവരിയിൽ റിപ്പോർട്ട് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ആറായിരത്തി ചില്ലാനം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ആയിരത്തിൽപ്പരം ആളുകൾ ജോയിൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.. അവസാനത്തെ മൂന്ന് മാസത്തെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങൾ

മുൻകൂട്ടി കണ്ടുകൊണ്ടുള്ള നിലപാടെടുത്തിട്ടുണ്ട്. മുൻകാലങ്ങളിൽ വന്ന വേക്കൻസികൾ നികത്താൻ പി.എസ്.സി ഒരു ഊർജ്ജിത പരിപാടി ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. ഈ വർഷം വന്ന ഒഴിവുകൾ ഈ വർഷം തന്നെ നികത്തപ്പെടാതിരിക്കുന്നത് സാധാരണയാണ്. 41,000 പോസ്റ്റുകൾ കഴിഞ്ഞ വർഷങ്ങളിൽ ഒഴിഞ്ഞു കിടന്നത് ഈ വർഷമാണ് നികത്തിയത്. ഡിപ്പാർട്ടുമെന്റ് തലവന്മാരോട് വേക്കൻസി റിപ്പോർട്ട് ചെയ്യരുത് എന്ന് പറഞ്ഞിട്ടില്ലെന്നു മാത്രമല്ല ഇതു സംബന്ധിച്ച റിവ്യൂ നടത്താൻ അഞ്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടിയിട്ടുമുണ്ട്. പതിവില്ലാത്ത ഒരു കാര്യം ഈ സർക്കാർ ചെയ്യില്ല. സൂപ്പർന്യൂമറി തസ്തിക ഉണ്ടാക്കുന്നതിന് ഒഴിവ് റിപ്പോർട്ട് ചെയ്യാം. ഒഴിവുകൾ എത്രയും പെട്ടെന്ന് തന്നെ നികത്തും. പ്രമോഷനുകൾ അടുത്ത രണ്ടോ മൂന്നോ ദിവസങ്ങളിൽ തന്നെയുണ്ടാകും. ഇത്രയധികം ആളുകൾ ഒരുമിച്ച് റിട്ടയർ ചെയ്യുന്നതുകൊണ്ട് ഭരണ സ്തംഭനം ഉണ്ടാകുകയില്ല. പേമെന്റിന്റെ കാര്യത്തിലും പ്രശ്നമുണ്ടാകുകയില്ല. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ കക്ഷി നേതാക്കൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. വി. ജെ. തങ്കപ്പൻ:</u> കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി കൈത്തറി മേഖലയ്ക്ക് ഇരുപതുശതമാനം ഗ്രാന്റ് നൽകി വന്നിരുന്നതിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പിന്മാറിയത് ഈ മേഖലയെ സാരമായി ബാധിച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് മുഴുവൻ രേഖകളും നൽകിയിട്ടും കൈത്തറിക്ക് സഹകരണ മേഖലയിലുള്ള കടം എഴുതിത്തള്ളുമെന്ന ഉറപ്പ് കേന്ദ്ര ഗവൺമെന്റ് പാലിച്ചിട്ടില്ല. കൈത്തറി മേഖലയെ സഹായിക്കുന്നതിന് കേന്ദ്രഗവൺമെന്റ് നൽകിവരുന്ന കൈത്തറി റിബേറ്റ് ഗ്രാന്റ് പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെടുന്നതോടൊപ്പം സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് മാർക്കറ്റിംഗ് ഇൻസെന്റീവും റിബേറ്റ് ഗ്രാന്റും നൽകി ഈ മേഖലയെ സംരക്ഷിക്കണം. സംസ്ഥാന ഗവൺമെന്റ് പരമാവധി സൗജന്യങ്ങളും സഹായങ്ങളും കൈത്തറിയുടെ സഹകരണ, സ്വകാര്യ മേഖലയിൽ നൽകിയില്ലെങ്കിൽ ഈ വ്യവസായം അന്യം നിന്നുപോകും. കേന്ദ്രഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് ഈ മേഖലയിൽ പണിയെടുത്തിരുന്നവർ മാറിപ്പോകുന്ന അവസ്ഥയുണ്ട്. കൈത്തറി മേഖലയെ രക്ഷിക്കുന്നതിന് ശക്തമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> പ്രാഥമിക കൈത്തറി-നെയ്ത്ത് സഹകരണസംഘങ്ങൾക്കും ഹാന്റക്സ്, ഹാൻവീവ് സ്ഥാപനങ്ങൾക്കും കൈത്തറി ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രോൽസാഹനമായി പ്രധാന ഉൽസവ വേളകളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ

പത്ത് ശതമാനം വീതം റിബേറ്റ് നൽകിയിരുന്നെങ്കിലും 2009-10 കാലയളവിൽ കേന്ദ്ര ഗവൺമെന്റ് റിബേറ്റ് നൽകിയില്ല. 2009-10 മുതൽ മൂന്ന് വർഷത്തേയ്ക്ക് കേന്ദ്ര റിബേറ്റ് തുടരാനുള്ള അനുവാദത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 01-04-09 മുതൽ റിബേറ്റ് നിർത്തലാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. 2009-10 വർഷത്തിൽ ഓണത്തിനും ക്രിസ്തുമസ്സിനും റിബേറ്റ് വിൽപ്പന ആരംഭിച്ച അവസരത്തിൽ പത്ത് ശതമാനം റിബേറ്റ് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുമെന്ന പ്രതീക്ഷയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് തൻവർഷത്തെ സ്റ്റേറ്റ് റിബേറ്റ് ഫണ്ടിൽനിന്നും ചെലവഴിച്ച ശേഷം റീ-ഇമ്പേഴ്സ് ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. സംസ്ഥാനത്ത് സ്കൂൾ യൂണിഫോമിന്റെ വിൽപ്പനയ്ക്ക് പത്ത് ശതമാനം സ്റ്റേറ്റ് റിബേറ്റ് കൂടാതെ 20 ശതമാനം അഡീഷണൽ റിബേറ്റും അനുവദിച്ചിരുന്നു. 01-04-09 മുതൽ കേന്ദ്ര റിബേറ്റ് അവസാനിപ്പിച്ച് ഉത്തരവായതിനാൽ ക്രിസ്തുമസ്സിന് സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന പത്ത് ശതമാനം കേന്ദ്ര റിബേറ്റ് റീ-ഇമ്പേഴ്സ് ചെയ്തുവാങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ റിബേറ്റ് തൻവർഷത്തെ സ്റ്റേറ്റ് റിബേറ്റ് ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൈത്തറിത്തുണി ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം കൈത്തറി മേഖലയ്ക്ക് കനത്ത ആഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്. റിബേറ്റ് പുന:സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തുന്നതാണ്. പ്രാഥമിക സംഘങ്ങളുടെയും ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടേയും കടബാധ്യതകളിൽ 70 ശതമാനം നബാർഡും 20 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്ക

ണമെന്ന പ്രൊപ്പോസൽ അംഗീകരിച്ചെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിനായി നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

(2) എൻ.ആർ.എച്ച്.എം. പ്രവർത്തനങ്ങളിലെ വീഴ്ചകൾ

ശ്രീ. ടി.എൻ. പ്രതാപൻ: എൻ.ആർ.എച്ച്.എം. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതിലെ ഗുരുതരമായ വീഴ്ചകളും വകമാറി ചെലവ് ചെയ്തതു മൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസങ്ങളും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഫെസിലിറ്റി സർവ്വേ സി.എച്ച്.സി. യിൽ മാത്രമേ നടന്നിട്ടുള്ളൂ. എൻ.ആർ.എച്ച് എം. ന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഗ്രാമീണ-ബ്ലോക്ക്-ജില്ലാതല കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികൾക്കല്ലാതെ 51.86 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചു. 2009 മാർച്ച് വരെ ആരോഗ്യ സുരക്ഷാ സ്ഥാപനങ്ങളിൽ വളരെ കുറച്ച് കെട്ടിടങ്ങൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ആശാവർക്കർമാർക്ക് പരിശീലനം നൽകിയിട്ടില്ല. പി.എച്ച്.സി.കളിൽ മാനദണ്ഡപ്രകാരം വിദഗ്ദ്ധരോ, സി.എച്ച്.സി-കളിൽ ഓപ്പറേഷൻ തിയേറ്ററുകളിൽ ആവശ്യമായ ഉപകരണങ്ങളോ ഇല്ല. നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ശസ്ത്രക്രിയാ കിറ്റുകൾ, ഔഷധ കിറ്റുകൾ എന്നിവയുടെ ഗുണനിലവാരം, അളവ്, പ്രവർത്തനക്ഷമത ഇവ സംബന്ധിച്ച് യാതൊരു പരിശോധനകളും നടത്താതെ വാങ്ങി വിതരണം നടത്തുകയും സാധനങ്ങൾ അയയ്ക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെമേൽ യഥായോഗ്യം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ശസ്ത്രക്രിയാ കിറ്റുകളും ഔഷധ കിറ്റുകളും വാങ്ങിയതിൽ 1.99 കോടി രൂപയുടെ അധിക

ച്ചെലവ് ഉണ്ടാക്കി. ജനനി സുരക്ഷാ യോജനയുടെ ഗുണഭോക്താക്കൾക്കു വേണ്ടി മൈക്രോ ബർത്ത് പ്ളാൻ തയ്യാറാക്കിയിട്ടില്ല. കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്ന കാര്യത്തിൽപ്പോലും ഗുരുതരമായ വീഴ്ച വരുത്തി. ഈവക കാര്യങ്ങളെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ അഭൂതപൂർവ്വമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും അനുവദിക്കപ്പെട്ട തസ്തികകളിലെല്ലാം ഡോക്ടർമാരേയും നഴ്സുമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും അനുവദിക്കുക, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിലാണ് ഗവൺമെന്റ് പ്രധാനമായും ശ്രദ്ധിച്ചിട്ടുള്ളത്. ഈ കാര്യങ്ങൾ കേരളത്തിൽ എല്ലാ സർക്കാർ ആശുപത്രികളിലും 2010 മാർച്ച് മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2007 ഏപ്രിലിൽ ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ ആരംഭിക്കുകയും സംസ്ഥാനതലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. 2009 മാർച്ച് 31 വരെയുള്ള കാലയളവിലെ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ പദ്ധതിയുടെ ആസൂത്രണം, ധനകാര്യ നിർവ്വഹണം, നടത്തിപ്പ്, സംഭരണം, ലക്ഷ്യപ്രാപ്തി തുടങ്ങിയവ സംബന്ധിച്ച് സി.എ.ജി.യുടെ റിപ്പോർട്ടിൽ നടത്തിയിട്ടുള്ള പരാമർശങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. കരട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചപ്പോൾത്തന്നെ അതിൽ മിക്ക കാര്യങ്ങൾക്കും സംസ്ഥാന സർക്കാർ വിശദീകരണം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തിന്റെ ശക്തമായ പൊതുജനാരോഗ്യ സംവിധാനത്തിന് കാലക്രമത്തിൽ

ഉണ്ടായ കാര്യക്ഷമതയില്ലായ്മ, ശോച്യാവസ്ഥ, ഡോക്ടർമാരുടെ ക്ഷാമം ഇവ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് അനുപൂരകമായ തരത്തിലുള്ള അധിക നേട്ടങ്ങളാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഭാഗത്തുനിന്ന് ലഭിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. മിഷനു വേണ്ടി മാത്രമായി ഒരു ദീർഘകാല പദ്ധതി ആവിഷ്ക്കരിക്കുക എന്നതിലുപരി സംസ്ഥാന സർക്കാരിന്റെ ദീർഘകാല കാഴ്ചപ്പാടിനനുസരിച്ചുള്ള ഒരു പദ്ധതിയാണ് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നത്. പാസ്ഔട്ട് ആയ മുഴുവൻ നഴ്സുമാർക്കും ഒരു വർഷം ഇന്റേൺഷിപ്പ് ഏർപ്പെടുത്തി. അധിക മെയിന്റനൻസ് ഗ്രാന്റ്, ജില്ലാ ആശുപത്രികൾക്ക് വേണ്ടി കൊടുത്ത തുക എന്നിവയാണ് അധികം ചെലവാക്കിയതായി പറഞ്ഞിട്ടുള്ളത്. സി.എച്ച്.സി.കൾക്ക് ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പൊതുചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കാര്യങ്ങൾ പരിശോധിച്ച് മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം സ്റ്റേറ്റ് ഗവൺമെന്റിനും സൊസൈറ്റിക്കും ഉണ്ട്. സെൻട്രൽ ഗവണ്മെന്റിന്റെ ഗൈഡ്ലൈൻ അനുസരിച്ചാണ് പൊതുമേഖലാ സ്ഥാപനമായ കെ.എ.പി.എൽ.ൽനിന്ന് മരുന്ന് കിറ്റ് വാങ്ങിയിട്ടുള്ളത്. ഇതുസംബന്ധിച്ച് സി.ആന്റ്. എ. ജി റിപ്പോർട്ടിൽ വന്ന പരാമർശം പരിശോധിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>ത്രിഫ്റ്റ് ഫണ്ടിന്റേയും പെൻഷന്റേയും വിതരണം.</u>

<u>ശ്രീ. എം. എ. വാഹീദ്</u>: ഇടനിലക്കാരെ ഒഴിവാക്കി കയർ മേഖലയിലെ തൊഴിലാളികൾക്ക് ത്രിഫ്റ്റ് ഫണ്ടും പെൻഷനും പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കയർതൊഴിലാളികളുടെ പെൻഷൻ ഉത്സവകാലങ്ങൾക്കുതൊട്ടുമുമ്പായി പഞ്ചായത്ത്തലത്തിൽ നടത്തുന്ന ക്യാമ്പുകളിൽ അർഹമായ രേഖകൾ ഹാജ രാക്കുന്നവർക്ക് നേരിട്ടാണ് കൊടുക്കുന്നത്. ക്യാമ്പിലെത്തി പണം കൈപ്പ റ്റാൻ വിഷമമുള്ള വൃദ്ധജനങ്ങൾക്ക് പെൻഷൻതുക മണിയോർഡറായി അയയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അംഗങ്ങൾക്ക് ത്രിഫ്റ്റും ഷെയറും വിതരണം ചെയ്യുമ്പോൾ അനർഹരും ഇടനിലക്കാരും കൈപ്പറ്റി യാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള ക്രമ ക്കേടുകളുണ്ടാകാതിരിക്കാൻ തൊഴിലാളി സംഘടനാപ്രവർത്തകരും പൊതുപ്രവർത്തകരും ജാഗ്രത പാലിക്കണം.

(2) പറമ്പിക്കുളം- ആളിയാർ കരാർ പുനരവലോകനം

ശ്രീ. എം. ചന്ദ്രൻ: പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്ത് കേരളത്തിന് കൂടുതൽ വെള്ളം ലഭിക്കുന്നതിനും തമിഴ്നാട് കൈവശം വച്ചിരിക്കുന്ന 173 കെട്ടിടങ്ങൾ കേരളത്തിന് വിട്ടുകിട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പി.എ.പി. കരാർ പ്രകാരം അനുവദിക്കപ്പെട്ടതിലും കൂടുതൽ ജലം മണക്കടവിൽനിന്ന് കേരളത്തിന് ലഭിക്കുന്നുണ്ടെങ്കിലും കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റേയും പശ്ചാത്തലത്തിൽ അതിലും കൂടുതൽ ജലം കാർഷിക മേഖലയ്ക്ക് ആവശ്യമാണ്. കരാർ സംബന്ധിച്ച പുനരവലോകന ചർച്ച കേരള-തമിഴ്നാട് ചീഫ് സെക്രട്ടറി തലത്തിൽ 2010 ഏപ്രിൽ മാസം 29-ാം തീയതി തിരുവനന്തപുരത്തുവച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അധികജലം ലഭ്യമാക്കലും കെട്ടിടങ്ങൾ വീണ്ടെടുക്കലും ഉൾപ്പെടെ സംസ്ഥാ

നത്തിന്റെ അടിയന്തിരപ്രാധാന്യമുള്ള പ്രശ്നങ്ങൾ ചർച്ചയിൽ ഉന്നയിക്കുന്നതാണ്.

(3) ആൾട്ടർനേറ്റ് എഡ്യൂക്കേഷൻ സെന്റർ

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കേരളത്തിലെ ആൾട്ടർനേറ്റ് സ്കൂളുകളുടെ ഭിന്നതല പഠന കേന്ദ്രങ്ങൾ മാർച്ച് മാസം വരെ മാത്രമേ തുടരാനാകൂ എന്നുള്ളത് ആശങ്കാജനകമാണ്. ഇവ എൽ.പി. സ്കൂളുകളായി മാറ്റാനും ഇവിടെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി ഇവിടങ്ങളിൽ തന്നെ തുടരാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം. എ. ബേബി): വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആൾട്ടർനേറ്റ് എഡ്യുക്കേഷൻ സെന്റർ (MGLC) എൽ.പി.സ്ക്കൂളായി മാറ്റുന്നതാണ്.

(4) ഭാഷാപഠനം നിർബന്ധമാക്കൽ

ശ്രീ. എം. എം. മോനായി: മലയാള ഭാഷ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സിബി.എസ്.ഇ, ഐ.സി.എസ്.ഇ. ഉൾപ്പെടെയുള്ള എല്ലാ ഇംഗ്ലീഷ് ബോധന മാധ്യമ വിദ്യാലയങ്ങളിലും പത്താം ക്ലാസ് വരെ മലയാള ഭാഷാ പഠനം നിർബന്ധമാക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം. എ. ബേബി): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളഭാഷയോ മാതൃഭാഷയോ

പഠിപ്പിച്ചിരിക്കണമെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതാണ്.

(5) എൻ.സി.ടി.ഇ.യുടെ നിർദ്ദേശങ്ങൾ

ശ്രീ. എം. മുരളി: സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ്-എയ്ഡഡ്-അൺഎയ്ഡഡ് ടീച്ചർ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അധ്യാപകരുടെ യോഗ്യതയും സേവന-വേതന വ്യവസ്ഥകളും സംബന്ധിച്ചുള്ള കരിക്കുലം കമ്മിറ്റി നിർദ്ദേശങ്ങളും വിദ്യാഭ്യാസരംഗത്തെ നവീകരിക്കാനും പരിഷ്ക്കരിക്കാനുമുള്ള എൻ.സി.ടി.ഇ.യുടെ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുമെന്നുള്ളതുകൊണ്ട് എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ നിലവിലുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(6) ഭാഗ്യക്കുറി ടിക്കറ്റുകൾ

ശ്രീ. വി.ഡി.സതീശൻ: സംസ്ഥാന ലോട്ടറിയുടെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്തുന്ന രൂപത്തിൽ വ്യാജ ടിക്കറ്റുകൾ നിർമ്മിച്ച് സമ്മാനത്തുക കൈവശപ്പെടുത്തുന്ന നടപടിയും സ്വകാര്യപ്രസിനെ ടിക്കറ്റിന്റെ പ്രിന്റിംഗ് ഏല്പിക്കുന്ന നടപടിയും അവസാനിപ്പിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): കഴിഞ്ഞ ആറു മാസത്തിനുള്ളിൽ 53 ഡ്യൂപ്ളിക്കേറ്റ് ലോട്ടറി ടിക്കറ്റുകൾ കണ്ടെത്തുകയും 60,000 രൂപയുടെ സമ്മാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി പ്രസ്സുകൾക്ക് ആവശ്യമായ എല്ലാ സുരക്ഷാ സജ്ജീകരണങ്ങളും ഏർപ്പെടു

ത്തിയിട്ടുള്ള മണ്ണന്തല സർക്കാർ പ്രസ്സിലും കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലും കാക്കനാട് കേരളാ ബുക്ക്സ് പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് പ്രസ്സിലുമാണ് ടിക്കറ്റുകൾ അച്ചടിക്കുന്നത്. സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്ന ഏർപ്പാട് നിർത്തലാക്കുന്നതോടൊപ്പം മുൻപ് അച്ചടിച്ചിട്ടുള്ളതിനെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ കൂടുതൽ ടിക്കറ്റ് അച്ചടിക്കേണ്ടി വരുമ്പോൾ കാലതാമസം ഒഴിവാക്കാനായി നമ്പർ ഒഴികെയുള്ള ആർട്ട്വർക്ക് പുറത്ത് ചെയ്യിപ്പിച്ചിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സ്വകാര്യ പ്രസ്സുകൾ വാടകയ്ക്കെടുത്ത് അച്ചടിക്കുന്ന രീതി ഒഴിവാക്കും. ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക്ക് സെന്ററിന് പുതിയ യന്ത്രം വാങ്ങാൻ 3 കോടി രൂപ ലോട്ടറി ഡിപ്പാർട്ടുമെന്റിൽനിന്ന് അഡ്വാൻസ് കൊടുത്തിട്ടുണ്ട്.

(7) <u>റെഗുലേറ്റർ പദ്ധതിയുടെ പൂർത്തീകരണം</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> അഴീക്കോട് നിയോജകമണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്ത് പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് മുട്ടിൽകാപ്പിൽ റെഗുലേറ്റർ പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: മുട്ടികാപ്പിൽ റെഗുലേറ്റർ പദ്ധതി ഏറ്റെടുത്ത സിൽക്കിന് കരാർ കാലാവധി നീട്ടിക്കൊടുത്തിട്ടും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ റിസ്ക് ആന്റ് കോസ്റ്റിൽ വർക്ക് ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്ത് പണി പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(8) <u>ടെക്സ്റ്റൽ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>: ടെക്സ്റ്റൈൽ മില്ലുകൾ കടുത്ത പ്രതിസന്ധിയിലായതുകൊണ്ടാണ് തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം നടത്താൻ കഴിയാതെ പോയത്. ഈ സാഹചര്യം കണക്കിലെടുത്ത് 750 രൂപാവീതം ഒരുമാസം ഇടക്കാലാശ്വാസമായി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി പുന:സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതാണ്. ഈ മേഖലയിൽ അല്പം പുരോഗതി ദൃശ്യമായ സാഹചര്യത്തിൽ അനുയോജ്യമായ വേതന പരിഷ്ക്കരണം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(9) <u>കെട്ടിടം പണിയുടെ പൂർത്തീകരണം</u>

<u>ശ്രീ. എ.സി. മൊയ്തീൻ</u>: വടക്കാഞ്ചേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാനും കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്താനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ)</u>: എം.ജി.പി. പ്രകാരം ആരോഗ്യമേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച 23 കെട്ടിടങ്ങളിൽ ഒന്നായ വടക്കാഞ്ചേരി താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കിൻഫ്രയ്ക്ക് ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് പണി പൂർത്തീകരിക്കാൻ

സാധിക്കാത്തത്. എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് ഉപയോഗിച്ച് ഈ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനെക്കുറിച്ച് കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം കാഷ്വാലിറ്റിയും മറ്റു സംവിധാനങ്ങളുമെല്ലാം അവിടെ ഉണ്ടാകുന്നതാണ്.

(10) ഹോമിയോ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ സമരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: 21 വയസ്സ് കഴിഞ്ഞ ആർക്കും ബി.എച്ച്.എം.എസ്. ഡിഗ്രി ഇല്ലാതെ പ്രാക്ടീസ് നടത്താമെന്ന ഉത്തരവ് ഈ മേഖലയിൽ പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നതാകയാൽ ഈ നടപടി അവസാനിപ്പിക്കുന്നതിനും പുതിയ നിയമം കൊണ്ടുവരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ): 4-6-2009-ന് ഇറക്കിയ ഉത്തരവ്, തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് 17-8-09-ലെ ഉത്തരവിലൂടെ തീരുമാനിച്ചിട്ടുണ്ട്.

(11) സ്പെഷ്യാലിറ്റി കേഡർ സ്കീം

ശ്രീ. വർക്കല കഹാർ: താലൂക്ക് ആശുപത്രിയായി ഉയർത്തിയ വർക്കല സർക്കാർ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ സ്ഥലം മാറ്റാനുള്ള നടപടി തടയുന്നതിനും ഈ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമിതി പി.കെ. ശ്രീമതി ടീച്ചർ): വർക്കല താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ സ്കീം നടപ്പിലാക്കുന്നതാണ്. തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

(12) ക്ഷയരോഗികൾക്കുള്ള ധനസഹായം

ശ്രീ. എ.എം. ആരിഫ്: ആലപ്പുഴ ജില്ലയിലെ ക്ഷയരോഗികൾക്കുള്ള പ്രതിമാസ പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമിതി പി.കെ. ശ്രീമതി ടീച്ചർ): ക്ഷയരോഗികൾക്കുള്ള ധനസഹായം 300 രൂപയായി വർദ്ധിപ്പിച്ച് റവന്യൂ വകുപ്പ് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(13) ഹോമിയോ ഔഷധ നിർമ്മാണശാല

ശ്രീ. എ.എ. ഷുക്കൂർ: ആലപ്പുഴ ഹോമിയോ ഔഷധ നിർമ്മാണശാലയുടെ രണ്ടാംഘട്ട നവീകരണ പ്രവർത്തനത്തിനായി 19.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥാപിതമായ നടപടിക്രമങ്ങളിലൂടെ അവിടെ ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമിതി പി.കെ. ശ്രീമതി ടീച്ചർ): ഹോമിയോ ഔഷധ നിർമ്മാണശാല ഹോംകോ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സൊസൈറ്റിയാണ്. ഈ സൊസൈറ്റി ഗവൺമെന്റ് അനുവദിച്ച പണം ഉപയോഗിച്ച് പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധ സ്ഥാപനങ്ങളിൽനിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ബാംഗ്ലൂരിലുള്ള ഫാർമെക്സ് കൺസൾട്ടേറ്റീവിന് അനുവാദം നൽകുകയുമാണുണ്ടായത്. ഇത് സംബന്ധിച്ചുള്ള ആക്ഷേപത്തെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

(14) നെൽകൃഷി നശിപ്പിച്ച സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ ആഞ്ഞിലിത്താനം പുഞ്ചയിൽ പ്രത്യേക പരിശീലനപദ്ധതി പ്രകാരമുള്ള നെൽക്കൃഷി മാരകരോഗം പിടിപെട്ട് നശിച്ചതു കണക്കിലെടുത്ത് കർഷകർക്ക് അടിയന്തിര ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 14 ഹെക്ടർ വിസ്തൃതിയുള്ള പുഞ്ചയിലെ 80 ദിവസത്തോളം വളർച്ചയുള്ള നെൽച്ചെടികളിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണവും പോളരോഗവും ഒരുമിച്ച് വന്നത് നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചു. കൃഷി വിജ്ഞാനകേന്ദ്രം, മങ്കൊമ്പ് ഗവേഷണകേന്ദ്രം എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ പരിശോധിച്ച് നിവാരണ നടപടികൾ കൈക്കൊണ്ടെങ്കിലും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. സാധാരണ ഗതിയിൽ പ്രകൃതിദുരന്തത്തിനുമാത്രമേ ധനസഹായം നൽകാൻ വ്യവസ്ഥയുള്ളൂ. ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ പരിരക്ഷ ലഭിക്കും. ഈ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകിയാൽ മാത്രമേ എന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ സാധിക്കുകയുള്ളൂ. വിശദമായ റിപ്പോർട്ട് നൽകുന്നതിന് പത്തനംതിട്ട വി.ഇ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(15) സിവിൽ സപ്ലൈസ് ഗോഡൗണിന്റെ ശോച്യാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: വലിയതുറയിലെ സിവിൽസപ്ലൈസ് കോർപ്പറേഷൻ ഗോഡൗണിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): വലിയതുറയിലെ സിവിൽസപ്ലൈസ് ഗോഡൗണിന്റെ

സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(16) ഭരണസ്തംഭനം

ശ്രീ. പി.സി. ജോർജ്: മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നില നിൽക്കുന്ന ഭരണസ്തംഭനത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): ഗതാഗതവകുപ്പിൽ ഉദ്യോഗസ്ഥന്മാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തിക ഫിൽ ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് നടപടി സ്വീകരിച്ചു വരികയാണ്. നിലവിൽ യാതൊരു ഭരണസ്തംഭനവുമില്ല.

(17) കപ്പേളകൾക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. എ. കെ. ചന്ദ്രൻ: മാള നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കപ്പേളകൾക്കുനേരെ 2009 ഒക്ടോബർ മാസം 3, 10 തീയതികളിലുണ്ടായ ആക്രമണത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃശ്ശൂരിലെ മാള പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പഴൂക്കര സെന്റ് ജോസഫ് പള്ളിക്കു മുന്നിലുള്ള കപ്പേളയുടെ ഗ്ലാസ്സുകളും രൂപവും സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയുടെ കപ്പേളയുടെ ഗ്ലാസ്സുകളും 3-10-2009-ൽ കല്ലെറിഞ്ഞു തകർക്കപ്പെട്ടതായുള്ള പള്ളി അധികൃതരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മാള പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ പുത്തൻചിറയിലെ സെന്റ് മേരീസ് പള്ളിയിലേയും മങ്കിടിയിലുള്ള പള്ളിയിലേയും കപ്പേളകളുടെ ഗ്ലാസ്സുകളും കല്ലെ

റിഞ്ഞ് തകർക്കപ്പെടുകയുണ്ടായി. ഈ കേസ്സുകളുടെ അന്വേഷണം സി.ഐ. യുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. സയന്റിഫിക് എക്സ്പേർട്ടിന്റേയും ഫിങ്കർ പ്രിന്റ് എക്സ്പേർട്ടിന്റേയും ഡോഗ് സ്ക്വാഡിന്റേയും സേവനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(18) <u>കർമ്മസമിതി പ്രവർത്തകർക്കുനേരെയുണ്ടായ വെടിവയ്പ്</u>

<u>ശ്രീ. എ.പി. അനിൽകുമാർ</u>: വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിലെ ടാണ പ്രദേശത്ത് പ്രവർത്തിക്കുന്ന ലാറ്റക്സ് ഫാക്ടറിക ളിൽനിന്ന് ഒഴുകുന്ന മലിനജലം തൊട്ടടുത്തുള്ള പുഴകളേയും കിണറുക ളേയും മലിനപ്പെടുത്തുന്നത് സംബന്ധിച്ചുണ്ടായ ജനകീയപ്രക്ഷോഭവും തുടർന്ന് വെടിവയ്പുണ്ടായ സാഹചര്യവും ലാറ്റക്സ് ഫാക്ടറി കത്തിനശി ച്ചതും സംബന്ധിച്ച് അന്വേഷണത്തിന് ആവശ്യമായ നടപടി സ്വീകരി ക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : ലാറ്റക്സ് ഫാക്ടറി കത്തിനശിച്ചതുമൂലം നാലരക്കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഫാക്ടറിയിലുണ്ടായ നഷ്ടം സംബന്ധിച്ച് ഇന്റലിജൻസ് എ.ഡി.ജി.പി. അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(19) ശബരിമലയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി നിർമ്മിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം: ശബരിമലയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കരയിലോ പെരുനാട്ടോ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിക്കുകയും ഇതുസംബന്ധിച്ച് ഡോ. ഇക്ബാൽ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിനുപകരം സുപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങണമെന്നാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിർദ്ദേശം ചർച്ച ചെയ്ത് നടപ്പിലാക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. അതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ബോർഡ് അധികൃതരുടേയും ഒരു യോഗം ഗവൺമെന്റ് തലത്തിൽ അടുത്ത മാസം വിളിച്ചുചേർക്കുന്നതാണ്.

(20) ദേശീയ അന്വേഷണ ഏജൻസികൾ

ശ്രീ. പി.എം.എ. സലാം: കേരളം ഭീകരരുടെ താവളമാണെന്ന പ്രതിച്ഛായ സൃഷ്ടിക്കപ്പെടുകയും അതുവഴി കേരളീയരെ സംശയകരമായി നിരീക്ഷിക്കപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. ദേശീയ അന്വേഷണ ഏജൻസികളുടെ പ്രവർത്തനം ഈ അവസ്ഥയ്ക്ക് പ്രചോദനമേകുകയാണ്. ഇക്കാര്യത്തിൽ ജനങ്ങളുടെ സംശയം ദൂരീകരിക്കാനുള്ള ശ്രമം ഉണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ദേശീയ അന്വേഷണ ഏജൻസി രൂപീകരിച്ചത് 2008 നവംബർ 6-ലെ മുംബൈ ഭീകരാക്രമണത്തിന് ശേഷമാണ്. സംസ്ഥാനത്തെ 6 കേസ്സുകൾ എൻ.ഐ.എ. അന്വേഷിക്കുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം സംസ്ഥാനം ആവശ്യപ്പെട്ടപ്രകാരം ഏറ്റെടുത്തതാണ്. എൻ.ഐ.എ. നിയമത്തിന്റെ പരിധിയിൽ വരുന്ന ഏത് കേസ്സും കേന്ദ്ര സർക്കാരിന് ഏറ്റെടുക്കാമെന്നാണ് നിലവിൽ വ്യവസ്ഥയുള്ളത്. എന്നാൽ കേസ്സുകൾ ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാരുമായി ആലോചിക്കണമായിരുന്നു എന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കേസ്സിന്റെ നടത്തിപ്പിനുള്ള സഹായം സംസ്ഥാന ഗവൺമെന്റ് ചെയ്തുകൊടുക്കുന്നുണ്ട്.

(21) സഹോദരിമാരുടെ ദുരൂഹമരണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ രണ്ട് സഹോദരിമാർ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സഹോദരിമാരുടെ മരണവുമായി ബന്ധപ്പെട്ട കേസിൽ 4 പ്രതികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ മൂന്നുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. വടശ്ശേരിക്കര സി.ഐ. കേസ്സിന്റെ അന്വേഷണം നടത്തിവരികയാണ്. കേസ്സിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നതാണ്.

(22) റബ്ബർ തൈകൾ വെട്ടി നശിപ്പിച്ച സംഭവം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ നിയോജകമണ്ഡലത്തിലെ കുറുമ്പുകരയിൽ റബ്ബർ തൈകൾ വെട്ടിനശിപ്പിച്ചവരെ അറസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): റബ്ബർ തൈകൾ വെട്ടിനശിപ്പിച്ച കേസിന്റെ അന്വേഷണം അടൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള ക്രൈം സ്ക്വാഡ് നടത്തിവരികയാണ്.

(23) ഉണ്ണ്യാലിലെ ആക്രമണം

ശ്രീ. വി. ശശികുമാർ: താനൂർ മണ്ഡലത്തിലെ ഉണ്ണ്യാലിൽ 30-03-2010-ന് മുഹമ്മദ് ഖാസി, ഷാഹുൽ ഹമീദ് എന്നിവർക്കു നേരെയുണ്ടായ ആക്രമണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അക്രമികളെ അറസ്റ്റ് ചെയ്യുന്നതിനും പ്രസ്തുത പ്രദേശത്ത് സമാധാനാന്തരീക്ഷം നിലനിറുത്താനുമുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 30-03-2010-ന് ഉണ്ണ്യാൽ നിറമരുതൂർ അഴീക്കലിൽ സി.പി.എം. പ്രവർത്തകരായ മുഹമ്മദ് ഖാസി, ഷാഹുൽ ഹമീദ് എന്നിവർക്ക് നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് താനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഉണ്ണ്യാൽ പ്രദേശത്ത് നാളുകളായി തുടർന്നുവരുന്ന സംഘർഷം അവസാനിപ്പിക്കാൻ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. അവിടെ ക്രമസമാധാനം പുന:സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(24) <u>കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> കാസർഗോഡ് ഗവൺമെന്റ് കോളേജ് ലഭ്യമാക്കിയ സ്ഥലത്ത് ആവശ്യമായ ഫണ്ട് അനുവദിച്ച് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് 2009-ൽ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ഇതു സംബന്ധിച്ച് ജില്ലയിലെ ജനപ്രതിനിധികളുമായി ജില്ലാ കളക്ടറും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പലതവണ യോഗവും ചേർന്നിരുന്നു. എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ സ്ഥാപിച്ചതുപോലെ കാസർഗോഡ് ഗവൺമെന്റ് കോളേജ്ഗ്രൗണ്ടിലും സ്പോർട്ട്സ് കൗൺസിലുമായി ചേർന്ന് സിന്തറ്റിക്ക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(25) <u>ചാലക്കുടിയിൽ ഇൻഡോർ സ്റ്റേഡിയം</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: എൻ.എച്ച്. ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമെടുത്തപ്പോൾ നഷ്ടപ്പെട്ട കളിസ്ഥലത്തിനുപകരം ചാലക്കുടി നഗരസഭ ലഭ്യമാക്കിയ 3.7 ഏക്കർ സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ചാലക്കുടി നഗരസഭ വാങ്ങിയ 3.7 ഏക്കർ സ്ഥലത്ത് നഗരസഭയുടെ പ്ലാനും

എസ്റ്റിമേറ്റുമനുസരിച്ചുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(26) ബാന്റ് വാദ്യ കലാകാരന്മാർക്ക് ക്ഷേമനിധി

പ്രൊഫ. സി. രവീന്ദ്രനാഥ്: സംസ്ഥാനത്തെ ബാന്റ് വാദ്യ കലാകാരന്മാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്ഥാനത്തെ കലാകാരന്മാർക്കായുള്ള ക്ഷേമനിധിയിൽ ബാന്റ് വാദ്യ കലാകാരന്മാരെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

(27) സർക്കാർ സ്ക്കൂളുകളിലെ വൈദ്യുതി ചാർജ്

ശ്രീ. എ. പ്രദീപ് കുമാർ: സർക്കാർ സ്ക്കൂളുകളിലെ ഭീമമായ വൈദ്യുതി ചാർജ് സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അടയ്ക്കാനുള്ള നടപടി സ്വീകരിക്കണം. സ്ക്കൂളുകളിലെ വൈദ്യുതി ആവശ്യത്തിന് സൗരോർജ്ജത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഗവൺമെന്റ് സ്ക്കൂളുകളിലെ വൈദ്യുതി ചാർജ്ജ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടയ്ക്കണം. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഇക്കാര്യത്തിൽ കാട്ടുന്ന മാതൃക മറ്റ് തദ്ദേശ സ്ഥാപനങ്ങളും തുടരണം. സ്ക്കൂളുകളിൽ സൗരോർജ്ജ വൈദ്യുതിയുടെ സാദ്ധ്യത ആരായുന്ന കാര്യം പരിഗണിക്കുന്നതാണ്.

(28) പെൻഷൻ പ്രായം ഏകീകരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പെൻഷൻ പ്രായം ഏകീകരിച്ചതുവഴി ആനുകൂല്യങ്ങളും പ്രൊമോഷനുകളും നഷ്ടപ്പെട്ട സർക്കാർ ജീവനക്കാർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ചതുവഴി എല്ലാ ജീവനക്കാർക്കും വിരമിക്കൽ തീയതി വർദ്ധിപ്പിച്ച് കിട്ടിയിട്ടുണ്ട്. ഇപ്പോഴത്തെ ഏകീകരണ ഉത്തരവിലൂടെ ചിലർക്ക് മിനിമം പെൻഷന് അർഹത, ഇൻക്രിമെന്റ്, നീട്ടിയ കാലയളവിൽ പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ കൂട്ടിക്കിട്ടിയ സർവ്വീസ് അനുസരിച്ചുള്ള ഉയർന്ന പെൻഷൻ എന്നിവയ്ക്കും അർഹതയുണ്ട്. കൂട്ടിക്കിട്ടിയ സർവ്വീസ് ആർജ്ജിത അവധിക്കും പരിഗണിക്കുമെന്നതിനാൽ ടെർമിനൽ സറണ്ടർ നല്കുമ്പോൾ കൂടുതൽ അവധി ശമ്പളവും ലഭിക്കും. എന്നാൽ ഈ വർഷം പ്രൊമോഷന് അർഹതയുണ്ടായിരുന്ന, ഈ വർഷം തന്നെ റിട്ടയർ ചെയ്യുന്ന ചുരുക്കം ചില ജീവനക്കാർക്ക് പ്രൊമോഷൻ ആനുകൂല്യം നഷ്ടപ്പെടുന്നുണ്ട്. മൊത്തം ജീവനക്കാരുടെ നേട്ടം കണക്കിലെടുക്കുമ്പോൾ ഈ പ്രശ്നത്തിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

(29) യോഗ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. വി.എൻ. വാസവൻ: കുട്ടികൾക്ക് മാനസികവും കായികവുമായ ഉന്മേഷം ഉറപ്പാക്കാൻ യോഗ പാഠ്യവിഷയമാക്കണം. എം.ജി. യൂണിവേഴ്സിറ്റിയിലെ യോഗ ഡിപ്ലോമ കോഴ്സിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): എം.ജി. യൂണിവേഴ്സിറ്റിയിലെ യോഗ ഡിപ്ലോമ കോഴ്സിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പാഠ്യപദ്ധതിയിൽ യോഗയ്ക്ക് പ്രോൽസാഹനം നൽകുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(30) ഭൂമി വിട്ടുകൊടുക്കൽ

ശ്രീ. പി. കൃഷ്ണപ്രസാദ്: വയനാട് കാഞ്ഞിരത്തിനാൽ ജോസ്, ജോർജ് എന്നീ സഹോദരന്മാരുടെ 12 ഏക്കർ ഭൂമി വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണം. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മൂന്നംഗ ഉന്നത സമിതിയുടെ തീരുമാനമുണ്ടായിട്ടും ഹൈക്കോടതിയിൽ അഫിഡവിറ്റ് സമർപ്പിക്കാൻ കാലതാമസം വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കാഞ്ഞിരത്തിനാൽ ജോസ്, ജോർജ് എന്നീ സഹോദരന്മാരുടെ ഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച നിയമപരമായും സാങ്കേതികമായുമുള്ള പ്രശ്നങ്ങൾ തീർക്കാൻ ശ്രമിക്കുകയാണ്. ഇത് സംബന്ധിച്ച് എത്രയുംവേഗം ഹൈക്കോടതിയിൽ അഫിഡവിറ്റ് സമർപ്പിക്കുന്നതാണ്. ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

(31) കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

ശ്രീമതി ഇ.എസ്. ബിജിമോൾ: കുമളി കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ പൂർത്തിയാക്കാൻ അധികമായി വേണ്ടിവരുന്ന ആറ് കോടി രൂപ കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ വിഷയം സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയ്ക്ക് അധികമായി വേണ്ടിവരുന്ന തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(32) <u>പാചകവാതക സിലിണ്ടറുകൾ മറിച്ചു വിൽക്കുന്ന നടപടി</u>

<u>ശ്രീ. എം. ഉമ്മർ</u>: മലപ്പുറം ജില്ലയിൽ ഗാർഹികാവശ്യങ്ങൾക്കായുള്ള പാചകവാതക സിലിണ്ടറുകൾ സ്വകാര്യ ഹോട്ടലുകൾക്കും വാഹനങ്ങൾക്കും മറിച്ചു വിൽക്കുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഗ്യാസ് സിലിണ്ടർ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിനും ഏജൻസികളുടെ കരിഞ്ചന്ത വിൽപ്പന തടയുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>: ഗാർഹികാവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടറുകൾ തിരിമറി നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ കളക്ടർമാർ ചെയർമാനായി വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സെക്കന്റ് സിലിണ്ടറുകൾ കിട്ടുന്നതിലുള്ള കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി പരിഹരിക്കാൻ ഓയിൽ കമ്പനികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

(33) <u>ഡിഗ്രി കോഴ്സുകളിലെ സീറ്റുകൾ</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ വിവിധ കോളേജുകളിലായി ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽ അധികവും സയൻസ് ഗ്രൂപ്പാണ്. ഈ അവസ്ഥ ഉണ്ടാകാതിരിക്കാൻ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുമുമ്പ് എൻട്രൻസ് എക്സാമിലൂടെയുള്ള സെലക്ഷൻ നടത്താനും ഒഴിവ് വരുന്ന സീറ്റുകളിൽ മറ്റ് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാനുമുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഗൗരവമുള്ള ഈ പ്രശ്നത്തിന് താൽക്കാലികമായി പരിഹാരം കണ്ടെത്താനാവില്ല. ഇതിന് പരിഹാരമായി ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ കോഴ്സുകൾ കൂടുതൽ ആകർഷകമാക്കുകയും വൈവിദ്ധ്യവൽക്കരിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടോടെയാണ് ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്കോളർഷിപ്പ് ഏർപ്പെടുത്തിയും ക്ഷമാപൂർവ്വമായ പ്രവർത്തനത്തിലൂടെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ടും മാത്രമേ ഇതിന് പരിഹാരം കണ്ടെത്താനാവൂ. സാധ്യമായ സാങ്കേതിക ക്രമീകരണങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

പിന്നോക്കവിഭാഗ സമുദായക്ഷേമ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

(1) 2010-ലെ കേരള പോലീസ് ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 2010-ലെ കേരള പോലീസ് ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 2010-ലെ കേരള പോലീസ് ബിൽ സെലക്ട് കമ്മിറ്റിക്ക് അയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ഡത്തിലെ അവ്യക്തത

ശ്രീ. എം. മുരളി : ഈ ബിൽ നിയമമാകുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നുമുണ്ടാകുന്ന റെക്കറിംഗ്, നോൺ-റെക്കറിംഗ് ചെലവുകളെ സംബന്ധിച്ച വിവരങ്ങൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ക്ലാസ് 6, 9, 30, 110 വകുപ്പുകളിലെ ചെലവുകൾ മാത്രമേ സാധൂകരിച്ചിട്ടുള്ളൂ. ക്ലാസ് 24 പ്രകാരം സംസ്ഥാന സുരക്ഷാ കമ്മീഷൻ രൂപീകരിക്കുമ്പോഴുണ്ടാകുന്ന ചെലവിനെക്കുറിച്ചോ, ക്ലാസ് 85 പ്രകാരം പോലീസ് സേനാംഗങ്ങളുടെ റിക്രൂട്ട്മെന്റ്, പരിശീലനം, ശമ്പളം, ബത്തകൾ എന്നിവയ്ക്കായി പ്രതിവർഷം എത്ര കോടി രൂപ വേണ്ടിവരുമെന്നോ ക്ലാസ് (112)-ൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റി രൂപീകരണത്തോടനുബന്ധിച്ചുള്ള ചെലവുകളെ സംബന്ധിച്ചോ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നില്ല. റെക്കറിംഗ് ആന്റ് നോൺ റെക്ക

റിംഗ് ചെലവുകൾ വ്യക്തമാക്കുന്ന ധനകാര്യ മെമ്മോറാണ്ടം ഉൾക്കൊള്ളിച്ചു കൊണ്ടുമാത്രമേ ഈ ബിൽ അവതരിപ്പിക്കാൻ പാടുള്ളൂ.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 2010-ലെ കേരള പോലീസ് ബിൽ നിയമമാകുമ്പോൾ ഉണ്ടാകുന്ന ചെലവുകളെ സംബന്ധിച്ച വിവരങ്ങൾ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബില്ലിലെ 24-ാം വകുപ്പ് പ്രകാരമുള്ള സുരക്ഷാ കമ്മീഷന്റെ വ്യവസ്ഥ 1960-ലെ പോലീസ് ആക്ട് വകുപ്പ് 17 (എ) പ്രകാരം 2007-ലെ കേരള പോലീസ് ആക്ട് 21-ാം വകുപ്പിൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ഉൾക്കൊള്ളിച്ചതാണ്. നിലവിലുള്ള ഭേദഗതി നിയമത്തിലുള്ളതാണ്. പ്രസ്തുത കമ്മീഷൻ ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിലേയ്ക്കായി പുതിയതായി ചെലവൊന്നും വരുന്നില്ല. ക്ലാസ് (85)-ൽ പോലീസ് ഉദ്യോഗസ്ഥരുടെ റിക്രൂട്ട്മെന്റ്, പരിശീലനം, ശമ്പളം, ബത്തകൾ, നിയമനം മറ്റ് സേവന വ്യവസ്ഥകൾ സർക്കാരിന് നിർണ്ണയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തതുകൊണ്ട് ചെലവുകൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കൊണ്ടുവരുന്നതാണ്. ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഇത് ഉൾക്കൊള്ളിക്കേണ്ട കാര്യമില്ല. മറിച്ച് ഈ ബിൽ നിയമമാക്കുമ്പോൾ ഉണ്ടാകുന്ന പുതിയ ചെലവുകളെല്ലാം ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് 73-ൽ പോലീസ് കംപ്ലെയിന്റ് അതോറിറ്റിയെക്കുറിച്ച് പറയുന്നത് 2007-ൽ കേരളാ പോലീസ് ആക്ട് പ്രകാരം പ്രാബല്യത്തിൽവന്നു കഴിഞ്ഞു. അതിന് പുതിയൊരു ചെലവില്ല. അതുകൊണ്ട് തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: 1861-ൽ ബ്രിട്ടീഷ് ഭരണകാലത്തുണ്ടാക്കിയ ഇൻഡ്യൻ പോലീസ് ആക്ടാണ് 1960-ൽ കേരളാ പോലീസ് ആക്ടാക്കി മാറ്റിയത്. അതിലെ വ്യവസ്ഥകളെല്ലാം ബ്രിട്ടീഷ് ഭരണകാലത്തുണ്ടാക്കിയതാണ്. സംസ്ഥാനത്ത് നിലവിലുള്ള പോലീസ് ആക്ട് പരിഷ്ക്കരിക്കാനും അതിലെ വ്യവസ്ഥകളിൽ സമഗ്രമായ മാറ്റം വരുത്താനും പല സന്ദർഭത്തിലും ശ്രമിക്കുകയുണ്ടായി. 2005-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായി കേരളാ പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ച് കുറേ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചെങ്കിലും അത് നിയമമാക്കാൻ കഴിഞ്ഞില്ല. 2006-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ ഇപ്പോഴത്തെ ഡി.ജി.പി.-യുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി 2008-ൽ കരട് ബിൽ സമർപ്പിച്ചു. കുറ്റകൃത്യങ്ങളുടെ ശൈലിതന്നെ മാറിയിട്ടുള്ള ആധുനിക കാലഘട്ടത്തിനനുസരിച്ച് പോലീസിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മാറ്റം വരുത്തണമെന്നും അതിലേയ്ക്കായി അടിയന്തിരമായി ചില കാര്യങ്ങൾ സംസ്ഥാനങ്ങൾ ചെയ്യണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. 85 വകുപ്പുകളുള്ള നിലവിലുള്ള പോലീസ് ആക്ടിന്റെ സ്ഥാനത്ത് 135 വകുപ്പുള്ള സമഗ്രമായ നിയമമാണ് കൊണ്ടുവരാൻ ശ്രമിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ വന്നിട്ടുള്ള മാറ്റവും ദേശീയ തലത്തിലുള്ള മാറ്റവും കണക്കിലെടുത്ത് ധാരാളം നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോലീസിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണമെന്ന വാദഗതിയുണ്ട്. പോലീസിന്റെ പ്രവർത്തനത്തിൽ ഇടപെടാൻ പാടില്ലെന്നതിനോട് ഈ ഗവൺമെന്റിനു യോജിപ്പില്ല. സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റെ നിർദ്ദേശങ്ങൾ

സംസ്ഥാന ഗവൺമെന്റിന് ബാധകമായിരിക്കും. ആധുനിക ശാസ്ത്ര സാങ്കേതിക പുരോഗതിക്കനുസൃതമായ മാറ്റങ്ങൾ പോലീസ് സേനയിലും ഉണ്ടാക്കാനുള്ള കാഴ്ചപ്പാടാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പോലീസ് സ്റ്റേഷനിൽ ഒരു പൗരന് എങ്ങനെ ഇടപെടാം, പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങളെ സ്വീകരിക്കാനുള്ള സ്ഥലം, സൗകര്യം നിയമപരമായ ബാദ്ധ്യത, ഉത്തരവാദിത്വം എന്നിവയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരാതി കൊടുത്താൽ റസീപ്റ്റ് കൊടുക്കുക എന്നുള്ളത് നിയമപരമായ ബാദ്ധ്യതയായി മാറിയിട്ടുണ്ട്. പരാതിയുടെ സ്ഥിതി അറിയാനുള്ള അവകാശം, പൗരന്മാരോടുള്ള പോലീസിന്റെ പെരുമാറ്റം എന്നീ കാര്യങ്ങളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെ കർത്തവ്യങ്ങൾ വ്യക്തമായി നിർവ്വചിക്കുന്ന ബില്ലാണിത്. മാൻ മിസ്സിംഗ് കേസ്സുകൾ കൈകാര്യം ചെയ്യാൻ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിധിയെ ബീറ്റുകളായി വിഭജിക്കുകയും സ്ഥിരമായി ബീറ്റു നടത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെയിടയിലുള്ള അഴിമതി എങ്ങനെ കൈകാര്യം ചെയ്യണമെന്നും പോലീസുകാർക്കുള്ള ഉത്തരവാദിത്വമെന്താണെന്നും പ്രതിപാദിക്കുന്നുണ്ട്. പോലീസുകാരുടെ ജോലി സംബന്ധിച്ച വ്യവസ്ഥകൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. ഒരു ജില്ലയിൽ ഒരു പോലീസ് വെൽഫെയർ ഓഫീസർ ഉണ്ടാകണമെന്നും അപകടങ്ങൾക്കും അക്രമങ്ങൾക്കും ഇൻഷ്വറൻസ്, ചികിത്സാ സൗകര്യം എന്നിവയും നിഷ്ക്കർഷിച്ചിട്ടുണ്ട്. പോലീസിനെക്കൊണ്ട് ദാസ്യപ്രവൃത്തി ചെയ്യുന്നത് അവസാനിപ്പിക്കാനും പോലീസ് സ്റ്റേഷൻ എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ചും സുരക്ഷ നടപ്പിലാക്കുന്നതിനും ആചാര-ഔപചാരിക-സ്വകാര്യ സ്ഥലങ്ങളിൽ പോലീസ് പ്രവേശിക്കുന്നത് സംബന്ധിച്ചും പോലീസ്

യൂണിഫോം മറ്റുള്ളവർ ഉപയോഗിക്കുന്നത് തടയാനും കസ്റ്റഡിയിൽ എടുക്കുന്നവർക്ക് ചികിത്സ, വൈദ്യപരിശോധന എന്നിവ നടത്താനും വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ട്. ആരും അവകാശപ്പെടാതെ കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും അഭിപ്രായം ആരായുന്നതിനായി നിയമസഭയിലെ എല്ലാ കക്ഷിയിൽപ്പെട്ടവർക്കും പ്രാതിനിധ്യമുള്ള ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച് സമയബന്ധിതമായി ഈ ബിൽ നിയമമാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ പ്രത്യേകതയ്ക്ക് അനുസരിച്ചുകൊണ്ടുള്ള ഒരു നിയമം കേരളത്തിലുണ്ടാകണം. അതിന് എല്ലാവരുടേയും സഹകരണവും വിലപ്പെട്ട നിർദ്ദേശങ്ങളുമുണ്ടാകണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : 2010-ലെ കേരള പോലീസ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്വതന്ത്ര ഭാരതത്തിലെ പ്രഗൽഭമതികൾ അടങ്ങിയ പല കമ്മീഷനുകളും കമ്മിറ്റികളും പോലീസ് നിയമപരിഷ്ക്കരണ നടപടികൾ സ്വീകരിച്ചുവെങ്കിലും ഇപ്പോഴും പോലീസ് ആക്ട് സമ്പൂർണ്ണമാക്കാൻ സാധിച്ചില്ല. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ തിരുവിതാംകൂർ-കൊച്ചി പോലീസ് ആക്ട്, മദ്രാസ് സിറ്റി പോലീസ് ആക്ട്, സെൻട്രൽ പോലീസ് ആക്ടുമാണ് കേരളത്തിലെ പല പ്രദേശങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നത്. അതിന് മാറ്റം വരുത്തുന്നതിന് ഒരു സമഗ്രമായ ബിൽ കൊണ്ടുവരുമ്പോൾ അത് വിശദമായി ചർച്ച ചെയ്യുന്നതിന് സമയം അനുവദിക്കേണ്ടതായിരുന്നു. പല തരത്തിലുള്ള കുറ്റകൃത്യങ്ങൾ വ്യാപകമാവുകയാണ്. പുതിയ ജനറേഷനിലുള്ള കുറ്റകൃത്യങ്ങൾ തടയാനാ

വശ്യമായ നിയമം കൊണ്ടുവരണം. പോലീസ് ആക്ട് ഡ്രാഫ്റ്റ് ചെയ്യാൻ നിയോഗിച്ച കമ്മിറ്റിയിൽ പോലീസ് ഉദ്യോഗസ്ഥർക്കുപുറമേ സാമൂഹ്യ പ്രവർത്തകരെയും ജുഡിഷ്യറിയുമായി ബന്ധമുള്ളവരേയും ഉൾക്കൊള്ളിക്ക ണമായിരുന്നു. നിലവിലുള്ള പോലീസ് നിയമം പരിഷ്ക്കരിക്കുന്നതിനായി ലാ റിഫോംസ് കമ്മീഷൻ സർക്കാരിന് നൽകിയിരുന്ന ശുപാർശകൾ അംഗീകരി ക്കാനുള്ള വൈമുഖ്യം ഈ ബില്ലിലെ വ്യവസ്ഥകളിൽ പ്രകടമാണ്. ഡി.ജി.പി. ആയി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ പ്രവർത്തന മികവും പരിചയ സമ്പ ന്നതയും സഹകരണ മനോഭാവവും ഉറപ്പുവരുത്തണം. പോലീസ് സേനയിൽ ഹെഡ് കോൺസ്റ്റബിൾ കഴിഞ്ഞാൽ എസ്.ഐ. എന്ന രീതിയിൽ പ്രൊമേ ഷൻ നൽകാൻ സംവിധാനമുണ്ടാക്കണം. പോലീസ് സേനയിലെ ഉന്നതതല ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ വരുത്തിയ വർദ്ധനവ് അവർ ചെയ്യുന്ന വർക്കിന്റെ ക്വാളിറ്റിയിൽ റിഫ്ളക്ട് ചെയ്യപ്പെടാൻ നടപടി സ്വീകരിക്കണം. ജനസംഖ്യാനുപാതികമായി പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കണം. പോലീസ് അസോസിയേഷന്റെ രാഷ്ട്രീയവൽക്കരണം നിരുത്സാഹപ്പെടു ത്തണം. ജനങ്ങൾക്ക് നിർഭയമായി പോലീസ് സ്റ്റേഷനിൽ പോകാനുള്ള അവസ്ഥയുണ്ടാകണം. കുറ്റാന്വേഷണ വിഭാഗവും നിയമ പരിപാലന വിഭാഗവും വേർതിരിച്ച് പ്രവർത്തിപ്പിക്കണം. ഒരു നിയമം നിർമ്മിക്കപ്പെടു മ്പോൾ അതിന്റെ സമ്പൂർണ്ണപരിരക്ഷ എല്ലാവർക്കും ലഭ്യമാക്കണം. സി.ആർ.പി.സി.യുടെ വ്യവസ്ഥകൾക്ക് വിധേയമല്ലാത്ത വകുപ്പുകൾ സംബ ന്ധിച്ച് സെലക്ട് കമ്മിറ്റി ചർച്ച ചെയ്യണം. ബില്ലിന്റെ സെക്ഷൻ 24-ൽ പറയുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റേയും ഇതുമായി ബന്ധപ്പെട്ട മറ്റ് സംവി ധാനങ്ങളുടേയും രൂപീകരണം മാൻഡേറ്ററി ആകണം. എൻ.ഐ.എ. നടത്തുന്ന കേസന്വേഷണവുമായി സഹകരിക്കുന്ന നിലപാട് സംസ്ഥാന

സർക്കാർ സ്വീകരിക്കണം. സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ, പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് കംപ്ലെയിന്റ് അതോറിറ്റി എന്നിവയുടെ രൂപീകരണവും മാൻഡേറ്ററിയാക്കണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ: 2010-ലെ കേരള പോലീസ് ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1861-ലെ പോലീസ് ആക്ട് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയാത്ത പൗരസമൂഹത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു. 1960-ലെ പോലീസ് ആക്ട് അതിനു സമാനമായിട്ടുള്ളതാണ്. ജനാധിപത്യ സംവിധാനം നിലവിൽ വന്നതിനുശേഷം ഭരണസംവിധാനത്തിലും സാമൂഹ്യഘടനയിലും വലിയ മാറ്റങ്ങൾ സംഭവിച്ചതുകൊണ്ട് പോലീസിന്റെ പ്രവർത്തനത്തിലും സ്വാഭാവികമായ മാറ്റം അനിവാര്യമായതിനാൽ അതിനനുസരിച്ചുള്ള പരിഷ്ക്കാരം നിയമത്തിൽ വരുത്തേണ്ടതുണ്ട്. വ്യക്തമായ ഒരു പോലീസ് നിയമത്തിന്റെ അഭാവത്തിൽ പലകാര്യങ്ങളിലും സുപ്രീം കോടതി ഇടപെടേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതുകൂടി പരിഗണിച്ചാണ് പുതിയ നിയമത്തിനു രൂപം കൊടുത്തിട്ടുള്ളത്. പോലീസ് ആക്ട് റിവ്യൂ കമ്മിറ്റി സമർപ്പിച്ച കരട് നിയമത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സമഗ്രമായ ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത് എങ്കിലും ലാ റീഫോംസ് കമ്മിറ്റി സമർപ്പിച്ചിരുന്ന റിപ്പോർട്ട് കൂടി പരിശോധിക്കേണ്ടതാണ്. പോലീസ് സേനയിലെ വനിത അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകി ഇൻവെസ്റ്റിഗേഷന് പ്രാപ്തരാക്കണം. സമൂഹത്തിന്റെയാകെ ഗുണത്തിനുവേണ്ടി പക്ഷപാതരഹിതമായി പ്രവർത്തിക്കാൻ കഴിയണമെങ്കിൽ പോലീസുകാർ പുറമേ നിന്നുള്ള സ്വാധീനങ്ങളിൽനിന്നും സ്വതന്ത്രരാ

കുകയും നിരീക്ഷണങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമാകുകയും വേണം. സെക്ഷൻ 104-ലെ വ്യവസ്ഥകൾ നിലവിൽ വരുന്നതോടുകൂടി ഡിപ്പാർട്ടുമെന്റിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് ശിക്ഷ നൽകുന്നതിന് വ്യക്തമായ നിയമവ്യവസ്ഥകൾ ഉണ്ടാകും. പോലീസിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും ഭാവിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാനും ഏതെങ്കിലും പ്രത്യേക കാര്യങ്ങളിൽ ഇടപെട്ട് നിർദ്ദേശങ്ങൾ നൽകാനും ഉള്ള അധികാരം പ്രതിപക്ഷനേതാവ് കൂടി അംഗ മായ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന് നിൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. അസ്സോസിയേഷനുകളുടെ പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ പരിശോധിക്കപ്പെടണം. സെക്ഷൻ 97 ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ പ്രതികളെ മർദ്ദിക്കുകയോ കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ കീഴ് ഉദ്യോഗസ്ഥനാണെങ്കിലും മേലുദ്യോഗസ്ഥനാണെങ്കിലും ജില്ലാ എസ്.പി.ക്കോ ഡി.ജി.പി.ക്കോ ഇതുംസംബന്ധിച്ച് സത്യസന്ധമായ വിവരം കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെ ചെയ്യുന്നതിന്റെ പേരിൽ അയാൾ ഏതെങ്കിലും വിധത്തിലുള്ള പ്രതികാര നടപടികൾക്ക് വിധേയമാകാൻ പാടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നത് സ്വാഗതാർഹമാണ്. സെക്ഷൻ 65-ൽ പറയുന്നതിനനുസരിച്ചുള്ള കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ഒരു പ്രദേശത്തിന്റെ സുരക്ഷ ഉറപ്പാക്കാൻ ഒരു കർമ്മപദ്ധതി അംഗീകരിച്ച് പോലീസും ജനങ്ങളു

മായി ചേർന്ന് പ്രവർത്തിക്കുന്ന രീതിയാണിത്. അതുപ്രകാരം കമ്മ്യൂണിറ്റി ലെയ്സൺ ഗ്രൂപ്പുകൾ രൂപീകരിച്ച് 34 സ്റ്റേഷനുകളിൽ ഫലപ്രദമായ പ്രവർത്തനം നടത്തുവാനും കുറ്റകൃത്യങ്ങളും മോഷണങ്ങളും അതിക്രമങ്ങളുമെല്ലാം തടയാനും കഴിഞ്ഞിട്ടുണ്ട്. പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്ക് പോലീസുകാരെക്കുറിച്ചു പരാതി നൽകുവാനുള്ള അവകാശം വ്യവസ്ഥ ചെയ്തിരിക്കുന്ന സെക്ഷൻ 114-ഉം സ്വാഗതാർഹമാണ്. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനുള്ള ട്രെയിനിംഗ് പോലീസിന് നൽകണം. ആധുനിക ഡിവൈസസ്സ് ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിലൂടെ കുറ്റ കൃത്യങ്ങൾ തെളിയിക്കുക എന്നുള്ളതാണ് ഗവൺമെന്റ് അവലംബിക്കുന്ന നടപടിക്രമം. അതിനുള്ള സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്തണം. പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങൾ കെട്ടിക്കിടക്കുന്നതുപോലെ റോഡുവക്കിലും മറ്റും അവകാശികളില്ലാത്ത ധാരാളം വാഹനങ്ങൾ കിടക്കുന്ന സ്ഥിതിയുണ്ട്. ഇപ്പോഴത്തെ നിയമം അനുസരിച്ച് അത് കണ്ടുകെട്ടാമെങ്കിലും അത് കൈകാര്യം ചെയ്യാനുള്ള അവകാശങ്ങളില്ല. നോട്ടീസ് കൊടുത്ത് ആ വാഹനങ്ങൾ ലേലം ചെയ്യാനും എന്നെങ്കിലും ഇതിന്റെ അവകാശികൾ വരികയാണെങ്കിൽ അവർക്ക് ലേലം കിട്ടുന്ന പണം കൊടുത്താൽ മതിയെന്ന് വ്യവസ്ഥ ചെയ്യുന്നതും ശുചീകരണത്തിനും അനാവശ്യമായി സ്വത്തുക്കൾ കുന്നുകൂടുന്നത് ഒഴിവാക്കാനും സഹായിക്കും. പ്രമാദമായ പല കേസ്സുകളിലും പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതില്ലാതെ കേസ് നടത്താൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ആധുനിക സംവിധാനം ഉപയോഗപ്പെടുത്തി കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് പോലീസ് സംവിധാനം കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിന് തെളിവാണ്.

ഇന്റർനെറ്റിലൂടെ പണം തട്ടുന്നവർക്കെതിരെ ശിക്ഷാനടപടികളും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സി.ബി.ഐ. അന്വേഷണത്തിലിരിക്കുന്ന സൈബർ കുറ്റകൃത്യങ്ങൾ വരെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് ആരംഭിച്ച സൈബർ പോലീസ്സ്റ്റേഷനെ ഹൈടെക് ക്രൈമുകൾ കൈകാര്യം ചെയ്യുന്ന രാജ്യത്തെ ഏറ്റവും മികച്ച കേന്ദ്രമായി മാറ്റാൻ സാധിച്ചു. മിക്കവാറുമുള്ള ജില്ലകളിൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സെല്ലുകൾ പ്രവർത്തനം ആരംഭിച്ചു. വൈവിദ്ധ്യമാർന്ന രൂപത്തിലുള്ള കുറ്റ കൃത്യങ്ങളാണ് ഇന്ന് സമൂഹത്തിൽ വളർന്നുവരുന്നത്. അത് കൂടുതൽ മെറ്റീരിയലൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ഈ ബില്ല് ആധുനിക സാമൂഹ്യ ജീവിതത്തിനനുസരിച്ച് പോലീസ് സർവ്വീസ് മെച്ചപ്പെടുത്താൻ സഹായകരമാകും എന്ന് കരുതുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: രാഷ്ട്രീയ നേതൃത്വവും സമ്പന്നതയും ദുർവിനിയോഗം ചെയ്യുന്ന ഒരു മർദ്ദകശക്തി എന്നുള്ള നിലയിൽനിന്ന് ജനങ്ങളെ സേവിക്കുകയും അവരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്ന ഒരു സംവിധാനമായി പോലീസ് വിഭാഗത്തെ മാറ്റണം. പോലീസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ദേശീയ തലത്തിൽ ഉണ്ടാക്കിയ കമ്മിറ്റികളുടെ ഘടനയും ഇതുവരെയുള്ള ചർച്ചകളും പരിശോധിക്കുമ്പോൾ ദേശീയതലത്തിൽ ഇതിന്റെ പ്രാധാന്യം ബോദ്ധ്യമാകുന്നതാണ്. പോലീസ് സംവിധാനം ജനനന്മക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയണം. സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന സുരക്ഷ കമ്മീഷൻ പൂർണ്ണമായും ജനാധിപത്യ സംവിധാനം പാലിക്കപ്പെടുന്ന ഒന്നാകണം. സുരക്ഷ കമ്മീഷനിൽ ഭരിക്കുന്ന കക്ഷിയും ഉദ്യോഗസ്ഥ സമൂഹവും പ്രതിപക്ഷ നേതാവും അംഗങ്ങൾ എന്നുള്ളതിൽ

നിന്ന് മാറി ഹൈക്കോടതി ചീഫ് ജസ്റ്റീസ് ശുപാർശ ചെയ്യുന്ന ഏതെങ്കിലും ഒരു ജഡ്ജി അംഗമാകുന്നത് അതിന്റെ നിഷ്പക്ഷത ഉറപ്പു വരുത്താൻ കൂടുതൽ ഫലപ്രദമാകും. ക്രമസമാധാന ചുമതലയും കേസ് അന്വേഷണ ചുമതലയും പ്രത്യേകമായി ഏൽപ്പിക്കുന്ന വ്യവസ്ഥ തീർച്ചയായും പോലീസ് സംവിധാനത്തെ ഗുണകരമാക്കി മാറ്റാൻ കഴിയും. കംപ്ലെയിന്റ് അതോറിറ്റി യുടെ ചെയർമാനായി കേരള ഹൈക്കോടതി ജഡ്ജി നിർദ്ദേശിക്കുന്ന ഒരാളെ നിയമിക്കുന്നതിനുപുറമേ അതിൽ മനുഷ്യാവകാശ കമ്മീഷന്റേയും, ലോകാ യുക്തയുടേയും, പ്രതിനിധിയുമൊക്കെ ഉണ്ടാകണം. ജനങ്ങൾക്ക് കോട തിയിൽ പോകാതെ പരാതി പറയാൻ കഴിയുന്ന സംവിധാനമായി സ്റ്റേറ്റ് കംപ്ലെയിന്റ് അതോറിറ്റി മാറണം. ഭരണത്തിൽ സങ്കുചിത കക്ഷി-രാഷ്ട്രീയ താല്പര്യങ്ങൾ കലർത്തുന്നത് പരാജയത്തിന് കാരണമാകും. രാജ്യത്തെ 60 ശതമാനത്തോളം അറസ്റ്റുകളും നീതീകരിക്കാനാവാത്തതാണെന്നും ജയിൽ ബഡ്ജറ്റിനുവേണ്ടി നീക്കിവയ്ക്കുന്നതിന്റെ നല്ലൊരു ശതമാനം തുകയും ചെലവഴിക്കേണ്ടിവരുന്നത് ഇത്തരം മാൽപ്രാക്ടീസിനാണെന്നുമുള്ള സുപ്രീംകോടതിയുടെ വിലയിരുത്തൽ ഗൗരവത്തോടുകൂടി കാണണം. ഉന്നത പോലീസ് ഉദ്യോഗസ്ഥരെ യു.പി.എസ്.സി. പാനലിൽനിന്നു മാത്രമേ തെര ഞ്ഞെടുക്കാവൂ. പോലീസ് മേഖലയിലെ തലപ്പത്ത് നിയമിതരാകുന്ന ഉദ്യോഗ സ്ഥരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റാൻ പാടില്ല. പോലീസ് ഒരിക്കലും കക്ഷി-രാഷ്ട്രീയ-സംഘടനകളുടെ ചട്ടുകമായി മാറാൻ പാടില്ല. ഏത് രാഷ്ട്രീയ പാർട്ടിയായാലും ജനങ്ങളിലുള്ള ഉത്തരവാദിത്വം മറക്കാൻ പാടില്ല. ഭരണഘടനയുടെ പ്രാധാന്യവും അന്തസ്സത്തയും ഉൾക്കൊണ്ടുകൊണ്ട് വേണം ഗവൺമെന്റ് കാര്യങ്ങൾ വിലയിരുത്തേണ്ടത്. ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്നുള്ള

ക്രൈം ഡിറ്റാച്ച്മെന്റ് ബ്യൂറോയുടെ കണ്ടെത്തൽ ഒരിക്കലും അഭിമാനിക്കത്തക്കതല്ല. പോലീസ് ആത്മസംയമനവും അച്ചടക്കവും പാലിക്കണം; സ്വന്തം ഹിതത്തിനനുസരിച്ച് തീരുമാനമെടുക്കാൻ പാടില്ല. പോലീസ് മേഖലയെ നവീകരിക്കാനും പരിഷ്ക്കരിക്കാനും കൊണ്ടുവന്ന ഈ നിയമം കുറ്റമറ്റതാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകുകയും വേണം. സ്വയം സംരക്ഷിക്കാൻ അശക്തരായി കാണുന്ന ആളുകളുടെ കൂട്ടത്തിൽ മദ്യപാനിയെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നത് ഒരു പുനപ്പരിശോധനയ്ക്ക് വിധേയമാക്കണം. സ്പെഷ്യൽ പോലീസ് സംവിധാനം അപകടകരമാണ്; നിയമാനുസൃത സംവിധാനത്തിൽക്കൂടി മാത്രമേ പോലീസ് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാവൂ.

<u>ശ്രീ. പി. ജയരാജൻ</u> : ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ പോലീസ് നിയമം കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നുള്ള സുപ്രീം കോടതി വിധിയെത്തുടർന്നാണ് നിലവിലുള്ള പോലീസ് നിയമം പരിഷ്ക്കരിക്കാൻ വേണ്ടിയുള്ള നടപടികളാരംഭിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന പോലീസ് സമ്പ്രദായങ്ങൾ സാമ്രാജ്യത്വശക്തികളുടെ കീഴ്പ്പെടുത്തൽ ഉറപ്പാക്കുന്നതിന് ഉപകരിക്കുന്നവ ആയിരുന്നില്ല. ഇൻഡ്യയിൽ ജനാധിപത്യത്തിന്റെ വരവോടുകൂടി പോലീസിന്റെ പ്രവർത്തനശൈലിയിൽ കാതലായ മാറ്റം വരുത്തുകയുണ്ടായി. പോലീസ് പരിഷ്ക്കരണത്തിനായുള്ള ആഹ്വാനം വളരെ ശക്തമായി ഉയർന്നുവന്നിട്ടുള്ള കാര്യത്തിലും ഇതുമായി ബന്ധപ്പെട്ട് പുതിയ സംവിധാനം രൂപീകരിക്കുന്ന കാര്യത്തിലും കേരളം വളരെ മുന്നിലായിരുന്നു. അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് അതിക്രമങ്ങൾ 1977-ലെ ദേശീയ പോലീസ് കമ്മീഷൻ രൂപീകരണത്തിന്

വഴിതെളിയിക്കുകയും നിരവധി ആളുകൾ കൊലചെയ്യപ്പെടുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെ തുടർന്ന് ഡൽഹിയിലും പഞ്ചാബിലും മൂവായിരത്തോളം സിക്കുകാർ കൊലചെയ്യപ്പെട്ടപ്പോൾ പോലീസ് നിഷ്ക്രിയരായിരുന്നുവെന്നാണ് നാനാവതി കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. ഇന്ത്യയിൽ പലയിടത്തും വ്യാജ ഏറ്റുമുട്ടലുകൾ പ്രചരിപ്പിക്കുകയാണ്. കമ്മീഷൻ രൂപീകരണത്തിനുശേഷവും പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി രാജ്യത്തെ പോലീസ് നിയമങ്ങൾ പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെടുകയും ഇത്തരത്തിൽ ഒരു നിയമനിർമ്മാണം സഭയിൽ കൊണ്ടുവരികയും ചെയ്തു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത നിലയിൽ പോലീസ് ആക്ടിന്റെ ഭാഗമായി പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന വ്യവസ്ഥകൾ ബില്ലിൽ ചേർത്തിരിക്കുന്നു. ബില്ലിന്റെ പരിശോധനാവേളയിൽ കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് പോരായ്മകൾ പരിഹരിക്കാൻ കഴിയണം. അറസ്റ്റ് സംബന്ധിച്ച് സുപ്രീംകോടതി മുന്നോട്ടുവച്ച മാനദണ്ഡങ്ങൾ കൂടി പൂർണ്ണമായി ഉൾപ്പെടുത്തണം. പോലീസിന്റെ അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ പോലീസിനെ നവീകരിക്കുന്നതിനും മറ്റുമുള്ള മാതൃകാപരമായ ഒരു ബില്ലാണിത്. സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള ഒരു വിമർശനമുണ്ട്. എന്നാൽ സുപ്രീംകോടതി ഒരു പൊതു ഡയറക്ഷനാണ് നൽകിയത്. നിയമമില്ലാത്തയിടത്തുമാത്രമേ സുപ്രീംകോടതി വിധി അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് പ്രാബല്യമുണ്ടാകുന്നുള്ളൂ. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ പരിശോധിച്ചുകൊണ്ടുള്ള ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേരളത്തിൽ 1957-ൽ തന്നെ ഇത്തരത്തിലുള്ള ബില്ലിനെ സംബന്ധിച്ച് ചർച്ച തുടങ്ങിയിരുന്നു. അന്നാണ് ആദ്യമായി ആഭ്യന്തര വകുപ്പിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചത്. ആ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. അന്ന് തുടങ്ങിയ പരിശ്രമത്തിന്റെ ഭാഗമായി പിന്നീട് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. ഏറ്റവും അവസാനമായി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായ ലാ റിഫോംസ് കമ്മിറ്റി ഒരു മോഡൽ ബിൽ തയ്യാറാക്കി സർക്കാരിന് നൽകിയിരുന്നു. പ്രസ്തുത കമ്മിറ്റി തയ്യാറാക്കി നൽകിയ ബിൽ ഉൾപ്പെടെ ലഭ്യമായ കാര്യങ്ങൾ സ്വാംശീകരിച്ചുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പോലീസിനെ സംബന്ധിച്ച് മഹാത്മാഗാന്ധിക്കും ഇപ്പോൾ പ്രധാനമന്ത്രിക്കുമുള്ള വീക്ഷണം തന്നെയാണ് ഈ ബില്ലിൽ പ്രധാനമായി ഉദ്ദേശിക്കുന്ന പരിഷ്ക്കരണം. പ്രഗൽഭരായ പലരും പോലീസിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ള നിയമങ്ങൾ പരിശോധിച്ചതിനുശേഷമാണ് ഇത്തരത്തിൽ ഒരു ബിൽ തയ്യാറാക്കിയിട്ടുള്ളത്. അംഗങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്താം. ഡൽഹി പോലീസ് ബില്ലിലോ വിവിധ സംസ്ഥാനങ്ങളിലെ ബില്ലിലോ ഇവിടെ സെക്യൂരിറ്റി കമ്മീഷനെ വിഭാവനം ചെയ്യുന്നതുപോലെ യാതൊന്നും പറയുന്നില്ല. പോലീസിലെ പ്രൊമോഷൻ സംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്. പണ്ട് കേരളത്തിലും എ.എസ്.ഐ. തസ്തിക ഇല്ലായിരുന്നു. എസ്.ഐ. ആയി പ്രൊമോഷൻ കിട്ടാൻ കാലതാമസം ഉണ്ടാകുമ്പോൾ അത് ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയെത്തന്നെ ബാധിക്കുന്നതായി കണ്ടതുകൊണ്ടാണ്

എ.എസ്.ഐ. തസ്തിക സൃഷ്ടിച്ചത്. ചില രാജ്യങ്ങളിൽ കോൺസ്റ്റബിളായി വരുന്ന ആളാണ് പിന്നീട് വിവിധ ടെസ്റ്റുകളിലൂടെ ഡി.ജി.പി. വരെയാകുന്നത്. ഐ.പി.എസ്.കാർ ഒരു സ്റ്റേറ്റിൽ ഏതൊക്കെ റാങ്കിൽ എത്രപേർ വേണമെന്നൊക്കെ തീരുമാനിക്കാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനാണ്. ജനസംഖ്യയ്ക്ക് ആനുപാതികമായി പോലീസിന്റെ എണ്ണത്തിൽ വർദ്ധനവ് വേണമെന്നാണ് നിർദ്ദേശം. തസ്തികകൾ വർദ്ധിപ്പിക്കുമ്പോൾ അതിനനുസരിച്ചുള്ള ക്വാളിറ്റി പോലീസിൽ നിന്ന് ലഭിക്കുന്നുണ്ടോയെന്നത് പരിശോധിക്കേണ്ട കാര്യമാണ്. 500 പേർക്ക് ഒരു പോലീസ് എന്ന അനുപാതമാണ് സെക്യൂരിറ്റി കമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശം. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ചുകൊണ്ടുമാത്രമേ ഇതിൽ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായുള്ള പ്രവർത്തനത്തിലൂടെ ജനങ്ങൾക്ക് നിർഭയമായി പോലീസ് സ്റ്റേഷനിൽ പോകാൻ സാധിക്കണം. അതിനുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ വിഷയത്തിൽ ജനങ്ങളുടെ സഹകരണം അനിവാര്യമാണ്. ലാ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്ന നടപടി കോഴിക്കോട് സിറ്റി, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത തവണത്തെ റിക്രൂട്ട്മെന്റ് മുതൽ ഹയർ സെക്കണ്ടറി കോഴ്സായിരിക്കും കോൺസ്റ്റബിളിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. അനാവശ്യമായി ഒരാളെ കസ്റ്റഡിയിൽ വെയ്ക്കാൻ പാടില്ല എന്നത് സംബന്ധിച്ച് ബില്ലിൽ പറഞ്ഞിട്ടുണ്ട്. സെക്യൂരിറ്റി കമ്മീഷൻ, കംപ്ലയിന്റ് അതോറിറ്റി തുടങ്ങിയവ സംബന്ധിച്ച് സെലക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് വ്യക്തത വരുത്താം.

സി.ആർ.പി.സി.യും ഐ.പി.സി.യും മറികടക്കാൻ നിയമത്തിൽ എന്തെങ്കിലും എഴുതി വച്ചാൽ സാധിക്കില്ല. കേസുകൾ പിൻവലിക്കുന്നതിന് കോടതിയെ അറിയിക്കാനും കേസുകളിൽ നിയമാനുസൃതമായ തീരുമാനം എടുക്കാനുമുള്ള അധികാരം അതാത് കാലത്തെ സർക്കാരുകളിൽ നിക്ഷിപ്തമാണ്. കേസ്സുകൾ പിൻവലിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ അധികാരം ഉപയോഗിച്ചുകൊണ്ടുള്ള ഇടപെടലല്ലാതെ നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല. കേസ്സിന്റെ ഇൻവെസ്റ്റിഗേഷനെ പ്രതികൂലമായി ബാധിക്കുന്ന വിവരങ്ങളൊന്നും പോലീസ് ഉദ്യോഗസ്ഥർ പുറത്തുവിടാൻ പാടില്ലെന്ന് കർശനനിർദ്ദേശം കൊടുത്തിട്ടുണ്ട്. എൻ. ഐ. എ. നടത്തുന്ന കേസ്സന്വേഷണങ്ങളുമായി സഹകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണ്. എന്നാൽ ഇത്തരം കാര്യങ്ങളിൽ എല്ലാ സംസ്ഥാനങ്ങളോടും ഒരേ നിലപാടുതന്നെ വേണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബില്ലിന്റെ ചർച്ചാവേളയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സെലക്ട് കമ്മിറ്റി പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാല കൃഷ്ണൻ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ സർവ്വശ്രീ. ആനത്തലവട്ടം ആനന്ദൻ, പി. ജയരാജൻ, കെ. രാജു, ബാബു പോൾ, മോൻസ് ജോസഫ്, എ. എ. അസീസ്, മാത്യു ടി. തോമസ്, പി. എം. എ. സലാം, തോമസ് ചാണ്ടി, കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. ഡി. സതീശൻ, പി. കെ. അബ്ദുറബ്ബ്, പി. സി. ജോർജ്, എം. വി. ശ്രേയാംസ് കുമാർ, കെ. ബി. ഗണേഷ് കുമാർ, ശ്രീമതി പി. അയിഷാ പോറ്റി

എന്നിവരടങ്ങുന്ന 19 പേരുള്ള സെലക്ട് കമ്മിറ്റിയെ നിർയോഗിക്കണമെന്ന നിർദ്ദേശമാണുള്ളത്.

ഭേദഗതികൾ സഭ നിരാകരിച്ചു.

2010-ലെ കേരള പോലീസ് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ ഭൂമിയുടെ വില വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ വിലകൂടിയ ഭൂമി തട്ടിയെടുക്കാൻ വ്യാജപ്രമാണങ്ങൾ തയ്യാറാക്കി യഥാർത്ഥ ഭൂവുടമ അറിയാതെ രജിസ്റ്റർ ചെയ്യുകയാണ്. ഇത്തരം അഴിമതികളെല്ലാം തടയാൻ പര്യാപ്തമായതാണ് ഈ ഭേദഗതി നിയമം. ഈ

നിയമത്തിലൂടെ പൊതുസ്വത്ത് സംരക്ഷിക്കാനുള്ള നടപടികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ബില്ലിലെ 3-ാം വകുപ്പുപ്രകാരം, മൂലനിയമത്തിലെ 71-ാം വകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം വസ്തു കൈമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സംസ്ഥാന സർക്കാർ ഇതിലേയ്ക്കായി പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ള ഒരു 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ഹാജരാക്കണമെന്ന വ്യവസ്ഥയെ സ്വാഗതം ചെയ്യുന്നു. പാർലമെന്റിൽ സമർപ്പിക്കപ്പെട്ട ജെ. പി. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വഖഫ് ബോർഡുകളുടെ ഉടമസ്ഥതയിലുള്ളതും അന്യാധീനപ്പെട്ടു കിടക്കുന്നതുമായ 20,000 ഏക്കറോളം ഭൂമിയെ സംബന്ധിച്ച് പരിശോധന നടത്തണം. വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിനുമുമ്പ് ബോർഡിന്റെ മുൻകൂർ അനുമതി വേണമെന്നുള്ള വഖഫ് ആക്ടിലെ വ്യവസ്ഥ പാലിക്കാതെയാണ് പലപ്പോഴായി രജിസ്ട്രേഷൻ നടന്നിട്ടുള്ളത്. അതുകൊണ്ട് മൂലനിയമത്തിലെ 71-ാം വകുപ്പിൽ 3-ാം ഉപവകുപ്പിൽ അനുശാസിക്കുന്നതനുസരിച്ച് വഖഫ് ഭൂമി സംരക്ഷിക്കുന്നതിന് കർശനമായ നിലപാട് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഭൂമാഫിയയുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭൂമി കൈമാറ്റം സുതാര്യമാക്കുന്നതിന് ഈ ഭേദഗതി നിയമം സഹായകരമാകും.

ശ്രീ. വർക്കല കഹാർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി അവതരിപ്പി

ക്കുന്നു. ബില്ലിൽ പറഞ്ഞ കാര്യങ്ങളോടൊന്നും വിയോജിപ്പില്ല. വിൽപ്പന നികുതി വകുപ്പ് കഴിഞ്ഞാൽ കേരളത്തിന്റെ ഖജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം വരുന്നത് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ്. യാതൊരു തത്വദീക്ഷയുമില്ലാതെ അപ്രായോഗികവും അശാസ്ത്രീയവുമായ വിലനിർണ്ണയമാണ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയിരിക്കുന്നത്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തണം. ആരുടെ പേരിലും വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനും പറ്റുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. വ്യാജപ്രമാണം പണയംവച്ചുകൊണ്ട് വൻതുക കൾ തട്ടിയെടുക്കുന്നത് തടയാൻ ശക്തമായ നടപടി ഉണ്ടാകണം. സമൂഹ ത്തിൽ കെൽപ്പില്ലാത്തവരുടെ വസ്തു അന്യാധീനപ്പെട്ട് പോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. സബ്‌രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കണം. വ്യാജപ്രമാണങ്ങൾ ചമയ്ക്കാനും തന്ത്രപ്രധാന രേഖകളിൽ മാറ്റം വരുത്താനുമുതകുന്ന വിധത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ ഗുരുതരമായ സുരക്ഷ പാളിച്ചകളുള്ളതായി സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂവുടമ അറിയാതെ വ്യാജപ്രമാണമുണ്ടാക്കി ഭൂമി തട്ടിയെടുക്കുന്ന ഗൂഢസംഘങ്ങൾ കേരളത്തിൽ സമാന്തരമായി വളർന്നുവരികയാണ്. ബാങ്കുകളിൽ പണയം വയ്ക്കുന്ന പ്രമാണങ്ങളിൽ കൂടുതലും വ്യാജമാണ്. ബാങ്ക്/രജിസ്ട്രേഷൻ/റവന്യൂവകുപ്പിലെ ഉദ്യോഗ സ്ഥരെ സ്വാധീനിച്ചുകൊണ്ടാണ് വ്യാജപ്രമാണ മാഫിയ തഴച്ചുവളരുന്നത്. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരി, സഹോദരൻ എന്നീ അടുത്ത ബന്ധുക്കൾക്കിടയിലെ മുക്ത്യാർ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥയിൽ adopted son, adopted daughter, മരിച്ചുപോയ

മകന്റെ മകൻ, മരിച്ചുപോയ മകന്റെ മകൾ, മരിച്ചുപോയ മകളുടെ മകൾ മുതലായവരെക്കൂടി കൊണ്ടുവരണം. 71-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം "യാതൊരു രജിസ്റ്ററിംഗ് ഉദ്യോഗസ്ഥനും കേരള സർക്കാരിന്റെ പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ള ഒരു 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ഹാജരാക്കാത്തപക്ഷം രജിസ്ട്രേഷന് സ്വീകരിക്കാൻ പാടുള്ളതല്ല" എന്നുപറയുന്നുണ്ട്. അതിന്റെകൂടെ തെറ്റായി എൻ. ഒ. സി. നൽകുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. വ്യാജരേഖകൾ ചമയ്ക്കാൻ ഒത്താശ ചെയ്തുകൊടുക്കുന്നതും കൈക്കൂലി വാങ്ങുന്നതുമായ ഉദ്യോഗസ്ഥരുടെ പേരിലും വ്യാജപ്രമാണം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിലും ശിക്ഷണനടപടി സ്വീകരിക്കാനുള്ള വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം. 83(എ) വകുപ്പ് പ്രകാരം വ്യാജമായി ആൾമാറാട്ടം നടത്തി രജിസ്ട്രാർ ഓഫീസ് വഴി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു രേഖ മറ്റൊരാളുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണെന്ന് കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത രേഖ റദ്ദാക്കാനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകാമെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്. 83 (ബി) വകുപ്പ് പ്രകാരം "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവുകൾക്കെതിരെ സർക്കാരിനുള്ള അപ്പീൽ" എന്നതിൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ അതിന്മേലുള്ള അന്വേഷണവും തീരുമാനവും പൂർത്തീകരിക്കണമെന്ന വ്യവസ്ഥകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്. ഭൂമിയുടെ ന്യായവിലയ്ക്കുള്ള നടപടികൾ സ്വീകരിച്ചതിനുശേഷമുള്ള ഫൈനൽ ലിസ്റ്റിലെ പാകപ്പിഴകൾ പരിഹരിക്കാൻ

സർവ്വേ നമ്പർ ക്രമം എന്നത് മാറ്റി ശാസ്ത്രീയമായി ഭൂമിയുടെ പൊസിഷൻ നോക്കി ന്യായവില തയ്യാറാക്കണം. സബ്‌രജിസ്ട്രാർമാരുടെ രഹസ്യകോഡിന് രഹസ്യസ്വഭാവം നിലനിറുത്തണം. തെറ്റായ ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പഴയ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വ്യാജപ്രമാണങ്ങളിലൂടെ ഭൂമി തട്ടിയെടുക്കുന്നവരുടെ പേരിൽ അന്വേഷണം നടത്താനും വ്യാജപ്രമാണ മാഫിയകളുടെ പ്രവർത്തനം തടയാനും നടപടി സ്വീകരിക്കണം. ഇഷ്ടദാനത്തിന്റേയും മുക്ത്യാറിന്റേയും മറവിൽ വ്യാജപ്രമാണ മാഫിയ വ്യാപകമായി തട്ടിപ്പ് നടത്തുന്നത് തടയാൻ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കണം. ക്രയവിക്രയത്തിലും ആധാരങ്ങൾ പണയം വച്ചുള്ള വായ്പ വാങ്ങലിലും നടക്കുന്ന തട്ടിപ്പ് തടയാനുള്ള വ്യവസ്ഥകളും നടപടികളുമുണ്ടാകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): പൊതുസമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ് ഈ ഭേദഗതി ബിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമാക്കി അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ ചർച്ചചെയ്ത് അംഗീകരിച്ചശേഷം രാഷ്ട്രപതിയുടെ അംഗീകാരം കിട്ടുമ്പോൾ മാത്രമേ ഇത് നിയമമായിത്തീരുകയുള്ളൂ. കാരണം കേന്ദ്ര ആക്ടിൽ കേരള പോർഷനിലുള്ള അമെന്റ്മെന്റാണിത്. കേന്ദ്ര ഗവൺമെന്റ് നൽകാനിരിക്കുന്ന അംഗീകാരത്തിൽനിന്നും വ്യതിചലിച്ച് കാതലായ അമെന്റ്മെന്റ്സ് വന്നുചേർന്നാൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിന് തടസ്സമായിത്തീരും എന്നുള്ളതുകൊണ്ട് ഇതിനകത്ത് നിന്നുകൊണ്ടുള്ള ചെറിയ തരത്തിലുള്ള നിർദ്ദേശ

ങ്ങളോ, ഇതിനെ സ്ട്രെംഗ്തെൻ ചെയ്യാൻ സഹായകരമായതോ ആയ ഉദ്ദേശ ത്തോടുകൂടിയുള്ള ചില കാര്യങ്ങളോ മാത്രമേ പരിഗണിക്കാൻ കഴിയുക യുള്ളൂ എന്നുള്ള പരിമിതികൂടി ഈ ബില്ലിനുള്ളതായി ഈ അവസരത്തിൽ വ്യക്തമാക്കുകയാണ്. ഭൂമിയുടെ സംരക്ഷണമാണ് നാടിന്റെ അടിസ്ഥാന നില നിൽപ്പിനുള്ള അവിഭാജ്യ ഘടകം. ഇന്ന് കമ്പോളത്തിലെ ഏറ്റവും വിലയുള്ള തായി ഭൂമി മാറിയിരിക്കുകയാണ്. മരിച്ചവരുടെപോലും ഭൂമി ആൾമാറാട്ടത്തി ലൂടെ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ കണ്ടുപിടിച്ചാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനോ മറ്റ് നടപടികൾ സ്വീകരിക്കാനോ കഴിയാത്ത വിധത്തി ലുള്ള പരിമിതികൾ അഭിമുഖീകരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഇത്തരം ഒരു നിയമഭേദഗതി കൊണ്ടുവന്നത്. അതുപോലെതന്നെ കരാർ രജിസ്റ്റർ ചെയ്യുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഒരു ബുദ്ധിമുട്ടുണ്ടാകുമെന്ന് കരുതുന്നില്ല. അതേ അവസരത്തിൽ രജിസ്ട്രേഷനി ലൂടെ ഗവൺമെന്റ് അത് അറിയണം എന്നുള്ളതാണ് ഉദ്ദേശം. വസ്തുക്കൾ കൈമാറ്റം ചെയ്യുന്ന സന്ദർഭത്തിൽ ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടു ള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ എൻ. ഒ. സി. ക്ക് വിധേയമാക്കുന്നതിലൂടെ നമ്മുടെ പൊതുസ്വത്ത് അടിസ്ഥാനപരമായി സംരക്ഷിക്കപ്പെടുകയും ആൾമാറാട്ടമെന്ന അജൻഡ അവസാനിപ്പിക്കപ്പെടുകയും ഭൂമിയിലെ പല രൂപത്തിലുള്ള തിരിമറികളും അവസാനിപ്പിക്കാൻ സഹായകരമാകുകയും ചെയ്യും. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി നടത്തിയ നടപടിയുടെ ഭാഗമായിട്ടാണ് ഫെയർവാല്യുവിന് രൂപം കൊടുത്തിട്ടുള്ളത്. ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ അവ പരിഹരിക്കുന്ന തിനുള്ള സമയപരിധി രണ്ടുമാസമായി ഉയർത്തിയിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, കളക്ടറേറ്റ്,

സർക്കാരിന്റെ ഇ-ഗസറ്റ്, രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് എന്നിവിടങ്ങളിൽ ന്യായവില പബ്ലിഷ് ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഐ.ജി.യും ലാൻഡ് റവന്യൂ കമ്മീഷണറും ജോയിന്റായും ഡിസ്ട്രിക്ട്തലത്തിൽ ആർ.ഡി.ഒ., ഡിസ്ട്രിക്ട് രജിസ്ട്രാർ എന്നിവരും ലോക്കൽ ലെവലിൽ വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ എന്നിവരും മോണിറ്റർ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 15 കാറ്റഗറികളായിട്ടാണ് സംസ്ഥാനത്തെ ഭൂമി തരംതിരിച്ചിട്ടുള്ളത്. സംസ്ഥാനഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി വ്യവസ്ഥകൾ ഉൾപ്പെടുത്താം. കേന്ദ്ര ഗവൺമെന്റിന്റെ കൺസെന്റ് വാങ്ങിയശേഷം അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ രാഷ്ട്രപതിയുടെ അസ്സന്റിന് പോകുമ്പോൾ മറ്റുതരത്തിൽ മാറ്റങ്ങൾ വന്നാൽ അത് ഉൾക്കൊള്ളേണ്ടിവരുമെന്നുള്ളതു കൂടിയുണ്ട്.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(104) In section 17(1) (g) proposed to be inserted in the principal Act by clause 2(i) for the words "any other sort of transaction" substitute the words "any other transaction".

(105) In section 17(1) (g) proposed to be inserted in the principal Act by clause 2(i) for the words "any other sort of transaction" substitute the words "any other transaction".

(106) In section 17(1) (g) proposed to be inserted in the principal Act by clause 2(i) for the words "any other sort of transaction" substitute the words "any other transaction".

(107) In section 17(1) (g) proposed to be inserted in the principal Act by clause 2(i) for the words "any other sort of transaction" substitute the words "any other transaction".

(113) In Section 17(1)(g) proposed to be inserted in the principal Act by clause 2(i) after "daughter" add "adopted daughter".

110-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

110-ാം നമ്പർ ഭേദഗതി മന്ത്രി അംഗീകരിച്ചു.

(110) In Section 17(1)(g) proposed to be inserted in the principal Act by clause 2(i) after "son" add "adopted son".

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ബില്ലിന്റെ (3)-ാം ഖണ്ഡപ്രകാരം ബില്ലിൽ ചേർക്കാനുദ്ദേശിക്കുന്ന 71-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "or public sector undertakings operating in the State" എന്ന വാക്കുകൾക്കുശേഷം "or local self government institutions" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

114, 115, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ബില്ലിന്റെ (4)-ാം ഖണ്ഡപ്രകാരം ബില്ലിൽ ചേർക്കാനുദ്ദേശിക്കുന്ന 83A വകുപ്പ് (2)-ാം ഉപഖണ്ഡത്തിൽ "bogus" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

121, 124, 126, 133, 134, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 2009 -ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**സ്പീക്കറുടെ റഫറൻസ്**

നിയമസഭാ ദിനാഘോഷങ്ങൾ

2010 ഏപ്രിൽ 26, 27 തീയതികളിൽ വിവിധ പരിപാടികളോടെ നിയമ സഭാ ദിനാഘോഷങ്ങൾ നടത്തുന്നതാണെന്നും പരിപാടികളെ സംബന്ധിച്ച വിശദമായ അറിയിപ്പ് പിന്നീട് നൽകുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

**അവകാശലംഘന പ്രശ്നങ്ങൾ**

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: 2008 ജൂൺ 22-ന് തിരുവല്ലയിൽ യൂത്ത് ഫ്രണ്ട് (എം) പ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവം സംബന്ധിച്ച 16-7-2008-ലെ 4007-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് വാസ്തവ വിരുദ്ധമായ മറുപടി നൽകിയെന്നാരോപിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം പുതുശ്ശേരി നൽകിയ അവകാശ ലംഘന നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നിഷേധിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ കൺസൾട്ടൻസി കരാർ സംബന്ധിച്ച 9-7-2008 -ലെ 2902-ാം നമ്പർ നക്ഷത്രചിഹ്നനിടാത്ത ചോദ്യത്തിന് വാസ്തവ വിരുദ്ധ മായ മറുപടി നൽകിയെന്നാരോപിച്ച് ബഹുമാനപ്പെട്ട പട്ടികസമുദായ ക്ഷേമവും ഉർജ്ജവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എ.പി. അനിൽകുമാർ

നൽകിയ അവകാശലംഘന നോട്ടീസിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നിഷേധിച്ചു.

## പ്രിവിലേജസും എഥിക്സും സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് അയച്ച അവകാശലംഘനപ്രശ്നം

കോഴിക്കോട് രണ്ടാം അഡീഷണൽ സബ് കോടതിയുടെ മുമ്പാകെ യുള്ള 130/2002 നമ്പർ സ്യൂട്ടിൽ സാക്ഷിയായി വിസ്തരിക്കുന്നതിനുവേണ്ടി കേരള മുഖ്യമന്ത്രിയും കേരള നിയമസഭാ അംഗവുമായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ 2008 മേയ് 17-ാം തീയതി ഇതു സംബന്ധിച്ച് നിയോഗിക്കപ്പെട്ട അഡ്വക്കേറ്റ് കമ്മീഷൻ മുമ്പാകെ ഹാജരാകാൻ നിർദ്ദേശിക്കണമെന്നാവ ശ്യപ്പെട്ട് സിവിൽ റൂൾസ് ഓഫ് പ്രാക്ടീസിലെ ചട്ടം 121 ഉദ്ധരിച്ചുകൊണ്ട് അഡ്വക്കേറ്റ് കമ്മീഷണർ ശ്രീ. വി.ടി. മാധവനുണ്ണി 2008 ഏപ്രിൽ 22-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർക്ക് അപേക്ഷ നൽകുകയുണ്ടായി. കേരള സിവിൽ റൂൾസ് ഓഫ് പ്രാക്ടീസിലെ ചട്ടം 121 പാർലമെന്റിന്റേയോ നിയമ സഭയുടേയോ അധീനതയിലുള്ള രേഖകൾ ആവശ്യപ്പെടുന്നതിനെ സംബന്ധി ച്ചാണെന്നും കാണിച്ചുകൊണ്ട് 13-5-2008, 13-5-2009 എന്നീ തീയതികളിൽ കത്തുകൾ നൽകിയിരുന്നുവെങ്കിലും മറുപടിയുണ്ടായില്ല. ചട്ടവിരുദ്ധമായ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർക്കു നൽകുകയും അതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടത് അവഗണിക്കുകയും ചെയ്ത അഡ്വക്കേറ്റ് ശ്രീ. വി.ടി. മാധവനുണ്ണിയുടെ നടപടി നിയമസഭയുടെ അവകാശത്തെ ഹനിക്കുന്ന വിധത്തിലുള്ളതാകയാൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു.

<u>പരിഗണനയിലിരിക്കുന്ന അവകാശലംഘനപ്രശ്നം</u>

അനെർട്ടിലെ നിയമനങ്ങൾ സംബന്ധിച്ചുള്ള 8-3-2010-ലെ നക്ഷത്രി ചിഹ്നമിടാത്ത 1277-ാം നമ്പർ ചോദ്യത്തിനും അനർട്ടിന്റെ പുന:സംഘടന സംബന്ധിച്ചുള്ള 22-3-2010-ലെ നക്ഷത്രചിഹ്നമിടാത്ത 3710-ാം നമ്പർ ചോദ്യ ത്തിനും നൽകിയ മറുപടി സഭയെ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാ ണെന്ന് കാണിച്ചുകൊണ്ട് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രിക്കെതിരെ ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്.

**മുഖ്യമന്ത്രിയുടെ പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതിനെ സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതനാനന്ദൻ)</u>: സഭ മുമ്പാകെ മറ്റ് അത്യാവശ്യ ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പി ക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

12-ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ സഭ പരിഗ ണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയപ്രദമാക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മറ്റ് മന്ത്രി മാർ, കക്ഷി നേതാക്കൾ, മാദ്ധ്യമ പ്രതിനിധികൾ, ജീവനക്കാർ എന്നിവർക്ക് പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.50-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

................